
# New Vision



NEW VISION - FOR PRIVATE CIRCULATION
SEPT-OCT – 93 – ISSUE-5

**Editorial Board**

Prof. Mathew Koshy
Rev. P.T. Thomas
Rev. A.C. Oommen
Rev. Prof. K.C. Mathew

**Advisory Board**

Chairman:
Rt. Rev. T.B. Benjamin

**Members:**

Rt. Rev. K. Michael John
Mr. C. John Mathai
Sr. Rachel John
Adv. K.I. Ninan
Mr. V.J. Joseph
Prof. mammen Varkey

**Co-ordinators in USA**

Rev. T.S. Ninan, New York
Mr. John K. Mathew, Texas
Mr. J.T. Wattachanackal Chicago

**Contact Address in USA & Canada**

NEW VISION
16w. 684-89th {;ace
Hinsdale, IL. 60521 U.S.A.
Phone/FAX 708-986-1195

**Office Address**

NEW VISION
Manganam
Kottayam-18
Telephone 0481-578841


**Lay Out:**

Prof. V.C. John Mavelikara

**Printing:**

Print Art Kozhencherry.





ന്യൂവിഷൻ ബിഷപ്പ് സാം മാത്യുവിന് നൽകിയ സ്വീകരണം

പത്രാധിപ ക്കുറിപ്പ്

# ഒരു പുതിയ മാതൃക സ്വീകരിക്കുമോ?

മദ്ധ്യകേരള മഹായിടവകയുടെ അഞ്ചാമത്തെ ബിഷപ്പായി അവരോധിക്ക പ്പെട്ടിരിക്കുന്ന ബിഷപ്പ് സാം മാത്യുവിനെ ഞങ്ങൾ ഹാർദവമായി സ്വാഗതം ചെയ്യുന്നു. സഭയ്ക്കു ഇന്നു ആവശ്യമായ നേതൃത്വം നൽകുവാൻ ദൈവം അദ്ദേഹത്തെ പ്രാപ്തനാക്കട്ടെ. പുതിയ ബിഷപ്പിൻെറ ചിന്തക്ക് ചില കാര്യങ്ങൾ കഴിഞ്ഞ ലക്കത്തിൽ ഒരു തുറന്ന കത്തിലൂടെ ഞങ്ങൾ ചൂണ്ടിക്കാട്ടിയിരുന്നു. ആ കത്തിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ ബിഷപ്പ് കാര്യമായി എടുക്കുകയും അവ പ്രാവർത്തികമാക്കുവാൻ പരമാവധി ശ്രമിക്കു കയും ചെയ്യും എന്നു ഞങ്ങൾ പ്രത്യാശിക്കുകയാണ്.

പ്രശ്നങ്ങളാൽ കലങ്ങിമറിഞ്ഞിരിക്കുന്ന ഒരു മഹായിടവകയുടെ സാരഥ്യമാണ് ബിഷപ്പ് സാം മാത്യു ഏറ്റിരിക്കുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളിലുണ്ടായ പല പ്രശ്നങ്ങളും വളരെ സങ്കീർണമായിക്കഴിഞ്ഞു. അവയ്ക്കു പരിഹാരം കണ്ടുപിടിക്കുക അത്ര എളുപ്പവുമല്ല. ഇന്നു രണ്ടു യുവജന സംഘടനകളാണുള്ളത്. അവയ്ക്കു രണ്ടിനും കേന്ദ്ര ഓഫീസുകളും പ്രവർത്തകരും ഉണ്ടുതാനും. മഹായിടവകയുടെ അംഗീകാരമില്ലെങ്കിലും ചങ്ങനാശ്ശേരി കേന്ദ്രമായി പ്രവർത്തിക്കുന്ന യുവജന പ്രസ്ഥാനത്തിനു കേന്ദ്ര ഓഫീസും, യൂണിറ്റുകളും കൂടാതെ ഒരു മുഖ പത്രവുമുണ്ടു്. പിന്നോക്ക സഭകളിൽ അതിനു ശക്തമായ വേരുകളുണ്ടു്. ദളിത് ക്രൈസ്തവർ ഭരണഘടനയിൽ തന്നെ മൗലികമായ മാറ്റം ആവശ്യപ്പെട്ടു തുടങ്ങി. മഹായിടവകയുടെ ഔദ്യോഗിക ഭാഗമായിട്ടല്ലാതെ കെ. ജെ. ജോണച്ചൻെറ നേതൃത്വത്തിൽ SEDS എന്ന സംഘടന പ്രവർത്തിക്കുന്നു. പിന്നോക്ക സ്ഥലങ്ങളിൽ ഇതിൻെറ പ്രവർത്തനം ശക്തമാണു്. ഒരു കാലത്തു മഹായിടവകയിൽ ശക്തമായി പ്രവർത്തിച്ചു കൊണ്ടിരുന്ന ഇവർ മുഖ്യ ധാരയ്ക്കു പുറത്തു പോകേണ്ടി വന്നിട്ടും ജനങ്ങളുടെ പിൻതുണയോടുകൂടി അവർ ഇപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുക യാണു്, ഇതുപോലൊരു സാഹചര്യം സംജാതമായതിനു ഒരു ഔദ്യോഗിക ഭാരവാഹി എന്ന നിലയിൽ അഭിനവ ബിഷപ്പിനു ഒരു ചെറിയ അളവിലെങ്കിലും ഉത്തരവാദിത്വമുണ്ടു് എന്നുള്ളത് വിസ്മരിക്കുവാനാവില്ല എങ്കിലും അവരെയെല്ലാം മുഖ്യ ധാരയിലേക്കു വീണ്ടും കൊണ്ടുവരുന്നതിന് അഭിനവ ബിഷപ്പിനു ഒരു അവസരം ലഭിച്ചിരിക്കുകയാണ്. ധീരമായ നടപടികൾ ബിഷപ്പിൻെറ ഭാഗത്തു നിന്നുണ്ടായെങ്കിൽ മാത്രമേ ഇതു ഒരു യാഥാർത്ഥ്യമായി തീരുകയുള്ളൂ. ഇന്ന് മുഖ്യ ധാരയിൽ നിന്നു മാറി നിൽക്കുന്ന എല്ലാവരുമായി ചർച്ചയ്ക്കു തയ്യാറാണ് എന്നു ബിഷപ്പ് സാം മാത്യു പ്രസ്താവിച്ചതിൽ ഞങ്ങൾക്കു സന്തോഷമുണ്ടു്.

കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തെ സംഭവ വികാസങ്ങൾ സൂക്ഷ്മ പരിശോധനയ്ക്കു വിധേയമാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. എങ്കിൽ തന്നെയും ഭാവിയെ ലക്ഷ്യമാക്കി ക്കൊണ്ടു ചില ഭൂതകാല സംഭവങ്ങളിലേക്കു കണ്ണോടിക്കേണ്ടത് ആവശ്യമാണു എന്നു ഞങ്ങൾ കരുതുന്നു. അവയിൽ പ്രധാനപ്പെട്ട ഒരു കാര്യമാണു അധികാര കേന്ദ്രീകരണം. സഭാദ്ധ്യക്ഷൻെറ അഭിപ്രായങ്ങൾ സഭയുടെ അഭിപ്രായങ്ങളും, നയങ്ങളുമായി മാറി. ഇതു എല്ലാ മേഖലകളിലും ഉണ്ടായി. അധികാര കേന്ദ്രീകരണം നാണയത്തിൻെറ ഒരു വശമാണെങ്കിൽ മറ്റു വശമാണു അധികാര ദുർവിനിയോഗം. അധികാരത്തിലിരിക്കുന്നവരുടെ പടം വയ്ക്കാവുന്നിടത്തെല്ലാം വെയ്ക്കുന്നതും മഹായിടവകയുടെ ചിലവിൽ ജീവ ചരിത്രം അച്ചടിച്ചു വിതരണം ചെയ്യുന്നതും മറ്റും അധികാര ദുർവിനി യോഗമാണു. സ്വതന്ത്രമായി ചിന്തിക്കുവാനും പ്രവർത്തി ക്കുവാനുമുള്ള അവകാശം നിഷേധിക്കപ്പെട്ടു. രണ്ടും മൂന്നും ദിവസങ്ങൾ നീണ്ടു നിന്ന ഡയോസിസൻ കൗൺസിലിലെ ചർച്ചകൾ രണ്ടോ മൂന്നോ മണിക്കൂർ നേരത്തേക്കായി ചുരുങ്ങി. കാര്യ സാദ്ധ്യത്തിനു മഹായിടവക ഭക്തൻമാരായി ചമയുന്നവരുടെ എണ്ണം വർദ്ധിച്ചു. ദക്ഷിണേന്ത്യാ സഭയിലെ രാജകീയ പുരോഹിത വർഗം എന്ന ദർശനം കാറ്റിൽ പറത്തിക്കൊണ്ടു വൈദികാധിപത്യത്തിനു മുൻതൂക്കം നൽകി. സ്വാഭാവികമായ അത്മായക്കാരുടെ സ്ഥാനം ചുരുങ്ങി. ഷോപ്പിംഗ് കോംപ്ലക്സുകളുടെ പണികൾ സഭയുടെ പ്രധാന ദൗത്യമായി ത്തീർന്നു. ആർഭാടം എല്ലാ രംഗങ്ങളിലും നടമാടി. മഹായിടവകയിന്നു വൻ കടത്തിലാണെന്നറിയുന്നു. സ്ഥിര നിക്ഷേപമായി കിടക്കേണ്ട പല അക്കൗണ്ടുകളും ഇതരയാവശ്യങ്ങൾക്കായി തിരിച്ചുവിടുന്നതായി കേൾക്കുന്നു. പവിത്രമെന്നു കരുതപ്പെട്ടിരുന്ന മൂല്യങ്ങളാണ് ഇവിടെയെല്ലാം ചവുട്ടി മെതിക്കപ്പെട്ടത്. സഭയെ സ്നേഹിച്ചവരെയും ദൈവരാജ്യ പ്രവർത്തനങ്ങളിൽ വിശ്വസിച്ചിരുന്നവരെയും ഇതു വേദനിപ്പിച്ചു. ചിലർ ഇതിനെതിരെ പ്രതികരിച്ചു; മറ്റു ചിലർ നിസ്സഹായരായി തങ്ങളുടെ മേഖലകളിൽ ഒതുങ്ങി നിന്നു. പുതിയ ബിഷപ്പിൻെറ വരവോടുകൂടി ഈ ദു:സ്ഥിതിയ്ക്കു മാറ്റമുണ്ടാകും

എന്നു കരുതി മഹായിടവകയിലെ ജനങ്ങൾ കാത്തിരിക്കുകയാണു്.

ഒരു വലിയ വെല്ലുവിളിയാണ് ബിഷപ്പ് സാം മാത്യുവിൻെറ മുമ്പിൽ ഉയർന്നു നിൽക്കുന്നത്. മുമ്പു സൂചിപ്പിച്ച സാഹചര്യത്തോടു വിട പറഞ്ഞു ഒരു പുതിയ പ്രവർത്തന രീതിയും ജീവിതശൈലിയും സ്വീകരിക്കുവാൻ തയ്യാറാകുമോ എന്നുള്ളതാണു ആ വെല്ലുവിളി. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദക്ഷിണേന്ത്യ സഭയുടെ ദർശനത്തിനു അനുസൃതമായ പ്രവർത്തനരീതിയും ജീവിതശൈലിയും സ്വീകരിക്കുവാൻ തയ്യാറാകുമോ? പിരമിഡിൻെറ രീതിയിലുള്ള അധികാരഘടന സി. എസ്. ഐ. യുടെ ദർശനത്തിനു ചേരുന്നതല്ല. സഭാഘടനയിൽ അത്മായർ ക്കുള്ള സ്ഥാനം കണ്ടുപിടിക്കണം. പട്ടക്കാരുടേതിൽ നിന്നു വളരെ വ്യത്യസ്തമല്ലാത്ത ഒരു ജീവിതരീതിയും. കുപ്പായത്തിൻെറ നിറം വളരെ ചെറിയൊരു കാര്യമാണെങ്കിലും ദക്ഷിണേന്ത്യ സഭയുടെ എപ്പിസ്ക്കോപ്പസി സങ്കൽപ്പത്തോടു അടുത്തു വരുന്നത് വെള്ളകുപ്പായമാണു. ദക്ഷിണേന്ത്യസഭയിലെ മിക്ക ബിഷപ്പുമാരും വെള്ളക്കുപ്പയമാണു ഉപയോഗിക്കുന്നത്. കത്തോലിക്കാ സഭയിലെ മലങ്കര റീത്തു ഒഴി ച്ചുള്ള വിഭാഗങ്ങളിലെ ബിഷപ്പുമാരും വെള്ളക്കുപ്പായമാണു ധരിക്കുന്നത്. നമ്മുടെ ബിഷപ്പുമാർ പലപ്പോഴും നോക്കുന്നത് സുറിയാനി സഭകളിലേയും ആംഗ്ലിക്കൻ സഭയിലേയും ബിഷപ്പുമാരെയാണ്. വളരെ ആർഭാടമായ സ്വീകരണ സമ്പ്രദായങ്ങൾ തീർച്ചയായും ഒഴിവാക്കേണ്ടതാണ്. മുത്തുക്കുടകൾ, ബാൻഡുമേളങ്ങൾ, വെടിക്കെട്ടുകൾ, അവസാനം പണക്കിഴിയുമാണു ഇന്നത്തെ സ്വീകരണത്തിൻെറ മാതൃക. ദക്ഷിണേന്ത്യ സഭയുടെ ദർശനങ്ങൾക്കനുസരിച്ചു് ലളിതവും ത്യാഗപൂർണവുമായ ഒരു ജീവിതരീതി സ്വീകരിച്ചിരുന്നെങ്കിൽ എന്നു ആഗ്രഹിച്ചു പോകുകയാണ്. ഇരുപത്തിഒന്നാം നൂറ്റാണ്ടിലേക്ക് ശുഭപ്രതീക്ഷകളോടു പ്രവേശിക്കുവാൻ ബിഷപ്പ് സാം മാത്യുവിൻെറ ജീവിതവും പ്രവർത്തനങ്ങളും ഇടയാക്കട്ടെ. അതിനു ഞങ്ങൾ പ്രാർത്ഥിക്കുന്നു.







അഭിമുഖം

# ഗ്രാമീണ സഭകളെ മുഖ്യധാരയിലേക്ക് കൊണ്ടു വരും.

## ബിഷപ്പ് സാം മാത്യു

**ജീവ ചരിത്രം**

ജനനം: 8-10-1936. കോടുകുളഞ്ഞി. വിദ്യാഭ്യാസം - ബി. എ. ബി. ഡി. ഉപദേശിയായി പീരുമേട്ടിൽ സുവിശേഷ വേലയാരംഭിച്ചു. ഡീക്കനായി 5-6-1965ലും പ്രസ്ബിറ്ററായി 1-4-1966ലും പ്രവേശിച്ചു. കിഴ്‌വായ്പൂർ, പുതുവൽ, മദ്രാസ്, മല്ലപ്പള്ളി, കഞ്ഞിക്കുഴി, മൂലേടം എന്നീ സ്ഥലങ്ങളിൽ ഇടവക പട്ടക്കാരനായി സേവനമനുഷ്ടിക്കുകയുണ്ടായി. മദ്ധ്യകേരള മഹായിടവക ട്രഷററായി 5 വർഷക്കാലം സ്തുത്യർഹമായി സേവനം ചെയ്തു 1-9-93ൽ മദ്ധ്യകേരള മഹായിടവക ബിഷപ്പായി സ്ഥാനാ രോഹണം ചെയ്തു.

ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട വാർത്തയറിഞ്ഞയുടൻ തന്നെ ന്യൂ വിഷന്റെ പ്രതിനിധിയ്ക്കു റവ. സാം മാത്യു അഭിമുഖം അനുവദിച്ചു. ബിഷപ്പായതിനു ശേഷം സെപ്റ്റംബർ അവസാന വാരം ന്യൂ വിഷനു വിശദമായ അഭിമുഖം അനുവദിക്കുകയുണ്ടായി.

**ഒരു പട്ടക്കാരനെന്ന നിലയിൽ, പുറകോട്ടു തിരിഞ്ഞു നോക്കുമ്പോൾ എന്താണ് അങ്ങയുടെ പ്രതികരണം?**

ഇടവക പട്ടക്കാരനായിരിക്കുകയെന്നതു ചൈതന്യം പകരുന്ന ഒരവസ്ഥയാണു. ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഒരു പട്ടക്കാരന്റെ കൂടെ എല്ലാ ജനങ്ങളും ഉണ്ടാകും. അത്ഭുതങ്ങൾ നടക്കുമെന്നു എന്റെ അനുഭവത്തിൽ നിന്നു പറയുവാൻ സാധിക്കും.

**അതൊന്നു വിശദീകരിക്കാമോ?**

അത്മായക്കാരെ നേതൃത്വത്തിലേക്ക് കൊണ്ടു വരുവാൻ പട്ടക്കാരൻ ശ്രമിക്കണം. പട്ടക്കാരനു മേധാവിത്വം ഉണ്ടാകാതെ, നല്ല കാര്യങ്ങൾ ചെയ്യുവാൻ അവരെ സഹായിക്കണം. പുതുവലിലും മദ്രാസിലും പള്ളികൾ പണിവാൻ സാധിച്ചു. കഞ്ഞിക്കുഴി ഇടവക പട്ടക്കാരനായിരിക്കവേ, മെഡിക്കൽ കോളേജിനോടനുബദ്ധിച്ചു സേവന നിലയം പണിയുവാൻ ഇടയായി. ജനങ്ങളാണു ഇതിനു് നേതൃത്വം കൊടുത്തതു്. പിന്നിൽ പ്രവർത്തിച്ചത് ഞാനും.

**മഹായിടവക ട്രഷറാറായിരുന്ന കാലത്തു, എന്തായിരുന്നു അങ്ങയുടെ ശ്രദ്ധേയമായ സംഭാവന?**

മഹായിടവകയുടെ സാമ്പത്തിക സ്ഥിതി ഏറ്റവും മോശമായിരുന്ന ഒരവസരത്തിലായിരുന്ന ബിഷപ്പ് ജോസഫ് എന്നെ ട്രഷറാറായി നിയമിച്ചതു്. അന്നു മഹായിടവകയുടെ കടം 7 ലക്ഷം അയിരുന്നു. ട്രഷറാർ സ്ഥാനത്തു നിന്നും മാറുമ്പോൾ $7^1/_2$ ലക്ഷം മിച്ചമാക്കുവാൻ സാധിച്ചു. ഇന്നു വീണ്ടും കടത്തിലാണു.

**ബിഷപ്പു എന്ന സ്ഥാനത്തെ അങ്ങു എങ്ങനെയാണു വീക്ഷിക്കുന്നതു?**

ഇതൊരു അധികാര കേന്ദ്രമായി ഞാൻ കാണുന്നില്ല. സമൂഹത്തിന്റെ സേവനത്തിനായി ഈ സ്ഥാനത്തെ ഉപയോഗിക്കുക എന്നതാണു എന്റെ ഉദ്ദേശം.

**ബിഷപ്പു് തെരഞ്ഞെടുപ്പിനോടനുബന്ധിച്ചു ഓരോ സ്ഥാനാർത്ഥികളെയും കുറിച്ചും ധാരാളം കഥകളും, ആരോപണങ്ങളും കേൾക്കുകയുണ്ടായി. അങ്ങയെപ്പറ്റിയും ധാരാളം ആരോപണങ്ങൾ കേൾക്കുകയുണ്ടായി. എന്താണു അവയോടുള്ള പ്രതികരണം?**

ചി[illegible] കാര്യങ്ങൾ ഞാനും കേട്ടു. ബിഷ[illegible] പാനലിലേ[illegible]ള്ള തെരഞ്ഞെടുപ്പിൽ എനിക്ക് വോട്ടു ചെയ്യണമെന്നു, ഒരു മഹായിടവക കൗൺസിലംഗത്തോടും ഞാൻ ചോദിച്ചിട്ടില്ല. വോട്ടു പിടിക്കുവാൻ ഞാൻ ഒരു പൈസായും ചെലവാക്കിയിട്ടുമില്ല. സിനഡിന്റെ സബ് കമ്മറ്റിയിൽ മൂന്നു പേരെ എനിക്കറിയത്തുമുള്ളു. മറ്റ് നാലു പേരെ എനിക്ക് നേരിട്ടറിയില്ല. അവർക്കെന്നെയറിയാമൊ എന്നും എനിക്കറിയില്ല. ഇതൊരു വെല്ലുവിളിയായി എടുക്കാം.

**അങ്ങയ്ക്കു വേണ്ടി വോട്ടു പിടിക്കുവാൻ പലരും പണവും സമയവും ചെലവാക്കിയിട്ടുണ്ടല്ലോ. അവർക്ക് സ്ഥാനങ്ങളും മറ്റും വാഗ്ദാനം ചെയ്തിട്ടുണ്ട് എന്നാരോപണത്തെക്കുറിച്ചുള്ള പ്രതികരണം?**

എനിക്കുവേണ്ടി എന്റെ സ്നേഹിതർ പ്രവർത്തിച്ചു എന്നതു ശരിയാണു. അവർക്ക് എന്നോടുള്ള സ്നേഹം കൊണ്ടു മാത്രം പ്രവർത്തിച്ചു. മഹായിടവകയിലും, സ്ഥാപനങ്ങളിലും അർഹതയുള്ളവർക്കു അതു ലഭിച്ചിരിക്കും. എനിക്കു വേണ്ടി പ്രവർത്തിച്ചു എന്നതുകൊണ്ടു മാത്രം ആർക്കും ഏതെങ്കിലും സ്ഥാനമോ പദവിയോ ലഭിയ്ക്കണമെന്നില്ല - അർഹത, യോഗ്യത, കഴിവ് ഇവ അടിസ്ഥാനപ്പെടുത്തി മാത്രമേ തീരുമാനങ്ങളെടുക്കുകയുള്ളു.

**പാനലിൽ ഏറ്റവും കൂടുതൽ വോട്ടു കിട്ടിയ സ്ഥാനാർത്ഥിയെ തഴഞ്ഞതു ശരിയാണോ?**

നമ്മുടെ ഭരണഘടന പ്രകാരം ബിഷപ്പ് പാനലിൽ വരുന്നവരെല്ലാം തുല്യരാണു. വോട്ടിന്റെ അടിസ്ഥാനത്തിൽ ഒന്നാമതു വന്നവരെയല്ലാതെ, മറ്റുള[illegible]രെ തെരഞ്ഞെടുത്ത അനേകം ചരിത്രങ്ങളുള്ളതിനാൽ അത്തരം വാദ

ഗതികൾക്ക് കഴമ്പില്ല.

**ദക്ഷിണേന്ത്യ സഭയിലെ ബിഷപ്പുമാരും ഇതര സഭകളിലെ ബിഷപ്പുമാരുമായി പല കാര്യങ്ങളും വ്യത്യാസം ഉണ്ട്. ദക്ഷിണേന്ത്യസഭയിലെ ബിഷപ്പ്, ഒരു പ്രധാന ഇടയൻ (Chief Pastor) എന്നതിലുപരി വാക്കിലൊ, പ്രവർത്തിയിലൊ ആകരുതെന്നു ഭരണഘടനയും അനുശാസിക്കുന്നു. ദക്ഷിണേന്ത്യ സഭയുടെ രൂപവൽക്കരണ സമയത്തു "ബിഷപ്പ്" ഇല്ലായിരുന്ന സഭകളുടെ ഭീതിയെ അകറ്റുവാനാണീപ്രകാരം എഴുതിവച്ചിട്ടുള്ള തെന്ന് മനസ്സിലാക്കുന്നു. മദ്ധ്യ കേരളാ മഹാഇടവകയുടെ മാതൃ സഭയായ ആംഗ്ലിക്കൻ സഭാ ബിഷപ്പുമാരെ അനുകരിക്കുന്നതും ശരിയല്ല. പക്ഷേ നമ്മുടെ ബിഷപ്പുമാർ ഇതര സഭയിലെ ബിഷപ്പുമാരെ വേഷത്തിലും ഭാവത്തിലും അനുകരിക്കുന്നു. അങ്ങയ്ക്കു പുതിയ മാതൃക സ്വീകരിച്ചുകൂടെ?**

ഇവിടെ ജനങ്ങളാണു പ്രശ്നം. ജനങ്ങൾ ബിഷപ്പിനു ദിവ്യത്വം കൊടുക്കുന്നു. ഇതര സഭകളിലെ ബിഷപ്പുമാരുമായി തുലനം ചെയ്യുമ്പോൾ തങ്ങളുടെ ബിഷപ്പു അവസരത്തിനൊത്തുയരണമെന്നു ജനങ്ങൾ ആഗ്രഹിക്കുന്നു.

**മഹായിടവകയെക്കുറിച്ചുള്ള അങ്ങയുടെ "സ്വപ്നം" വിവരിക്കുക?**

നമ്മുടെ സംസ്ഥാനത്ത് ഒരു ഉന്നത സ്ഥാനം നമ്മുടെ മഹായിടവകയ്ക്കുണ്ടായിരുന്നു. ഇതു വർഷങ്ങളായി പൊയ്ക്കൊണ്ടിരിക്കുകയാണ്. പഴയ മഹത്വത്തിലേക്കു കൊണ്ടുവന്ന്, പുതിയ നൂറ്റാണ്ടിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ ജനങ്ങളെ ശക്തമാക്കുകയെന്നതാണു പ്രധാന ദൗത്യം.

വൈദീകരുടെ ഗുണമേൻമ (Quality) ഉയർത്തുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കും. വൈദികർ ഒത്തൊരുമിച്ചു സഹകരി ക്കുന്നതിൽ കൂടിയെ ഏത് പരിപാടികളും വിജയിക്കുകയുള്ളൂ. മഹായിടവക, ജില്ലാ തലങ്ങളിൽ റിട്രീറ്റുകൾ, റിഫ്രഷർ കോഴ്സുകൾ തുടങ്ങിയവ നടത്തും. റവ. ഈ. സി. ജോൺ, റവ. എ. സി. ഉമ്മൻ, റവ. ഡോ. ജേക്കബ് വറുഗീസ് എന്നിവരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തും.

എല്ലാ വിഭാഗങ്ങളിലെയും ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനാലുള്ള പദ്ധതികൾ ആവിഷ്കരിക്കും. നീതിപൂർവ്വമായ ഒരു സമൂഹമാണു എന്റെ സ്വപ്നം. എവിടെ നീതി ഉണ്ടോ അവിടെ സമാധാനമുണ്ട്. സഭകളുടെ യോജിപ്പിനു വേണ്ടി സജീവമായി സഹകരിക്കും. മഹായിടവകയുടെ എല്ലാ സ്ഥാപനങ്ങളുടെയും അരക്ഷിതാവസ്ഥ മാറ്റി എടുക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കും. ദളിത് വിഭാഗത്തെ സഭയുടെ മുഖ്യധാരയിലേക്കു കൊണ്ടുവരും. ജനങ്ങളുടെ കഴിവുകൾ കണ്ടെത്തി, സഭയുടെ പ്രയോജനത്തിനായി ഉപയോഗപ്പെടുത്തും.

**യുവജന ദളിത് പ്രശ്നങ്ങൾ തീർക്കുവാൻ എന്താണു അങ്ങയുടെ പദ്ധതി?**

തുറന്ന സമീപനം. യാതോരു മുൻവിധികളുമില്ലാതെ അവരോടു തുറന്ന ചർച്ചയ്ക്കു തയ്യാറാണു. മഹായിടവകയുടെ നൻമയ്ക്കും അവരുടെ നൻമയ്ക്കും, ഒത്തൊരുമിച്ചു പോകുന്നതാണ് നല്ലതെന്നാണു എന്റെ അഭിപ്രായം. ചർച്ച ചെയ്യുന്നതിൽ കൂടി പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കും. അതിനു വേണ്ടിയുള്ള സാഹചര്യങ്ങൾ ഒരുക്കിവരികയാണു.

**എന്തെങ്കിലും കർമ്മ പദ്ധതികൾ ഉടനെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?**

ഗ്രാമീണ സഭകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരും. പിന്നോക്ക സഭകൾ, അവിടെയുള്ള സ്ഥാപനങ്ങൾ തുടങ്ങിയവ നന്നാക്കുവാനും, കൂടുതൽ മെച്ചമായ പ്രവർത്തനങ്ങൾ ഉണ്ടാകുവാനുമുള്ള ക്രമീകരണങ്ങൾ ചെയ്യും. സഭയും സഭയുടെ സ്ഥാപനങ്ങളും ഉന്നത സാക്ഷ്യം നിർവഹിക്കുവാൻ പ്രാപ്തമാക്കേണ്ടിയിരിക്കുന്നു.



## God's Way

I asked the Lord for a
fresh bunch of flowers
but instead he gave me an ugly
cactus with many thorns.
I asked the Lord for some
beautiful butterflies,
but instead he gave me
many ugly and dreadful worms.
I was threatened,
I was disappointed,
I mourned.
But after many days,
Suddenly,
I saw the cactus bloomed
with many beautiful flowers,
and those worms
became beautiful butterflies
flying in the spring wind.
God's way is the best.

*(This poem was published in "GLAD TIDINGS", Canada.)*

# ഡങ്കൽ രേഖ

**ചരിത്ര പശ്ചാത്തലം:** അന്താരാഷ്ട്ര വിപണിയെ നിയന്ത്രിക്കുന്നതിനുള്ള ഒരു സംവിധാനമാണല്ലോ ഗാട്ട് (General Agreement on Tariffs and Trades) അത് ഇൻറർ നാഷണൽ മോണിറ്ററി ഫണ്ടും വേൾഡ് ബാങ്കും ഉൾപ്പെടുന്ന സംവിധാനത്തിലെ മറ്റൊരു ഘടകമാണു. അന്താരാഷ്ട്ര വിപണിയെ നിയന്ത്രിക്കുന്നതിനു അങ്ക്ടാഡ് (United Nations Council for Trade and Development) എന്നൊരു പ്രസ്ഥാനം മുമ്പു തന്നെ ഉണ്ടായിരുന്നു. എന്നാൽ അമേരിക്കയിലെ ബ്രെറ്റൻ വുഡ്സ് എന്ന സ്ഥലത്ത് കൂടിയ ധനവിനിയോഗ വിദഗ്ധരും സാമ്പത്തിക ശാസ്ത്രജ്ഞരും ചേർന്നു രൂപം നൽകിയ ഗാട്ട് അങ്ക്ടാഡിന്റെ സ്ഥാനം കൈയടക്കുക ആയിരുന്നു. ഗാട്ടിനു ജൻമം നൽകിയ 23 അംഗരാജ്യങ്ങളിൽ ഒന്നായിരുന്നു ഇന്ത്യ. ഇപ്പോൾ ഗാട്ടിനു 109 അംഗങ്ങളുണ്ടു.

ഗാട്ടിന്റെ അംഗരാജ്യങ്ങൾക്കെല്ലാം അവരുടെതായ സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കാനുള്ളതുകൊണ്ടു ഗാട്ടിന്റെ നയ പരിപാടികൾ ഏകാഭിപ്രായമായി രൂപികരിക്കുകയോ തീരുമാനങ്ങൾ കൈക്കൊള്ളുകയൊ ചെയ്യുന്നതു അസാദ്ധ്യമായിരുന്നു. പ്രധാനപ്പെട്ട ഏതാനും രാജ്യങ്ങൾ (ഉദാ. G7) ഒന്നിച്ചു കൂടി തീരുമാനങ്ങൾ അവികസിത രാജ്യങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയുമാണ് പലപ്പോഴും ചെയ്യുന്നതു. ഗാട്ടിന്റെ അതി പ്രധാനമായ ഇരു സമ്മേളനമായിരുന്നു തെക്കേ അമേരിക്കയിലെ ഉറുഗ്വേയിൽ വച്ചു നടന്നത്. അതിനു വേണ്ടിയുള്ള ചർച്ചകൾ 1986ൽ തന്നെ ആരംഭിച്ചിരുന്നു. ഉറുഗ്വേ സമ്മേളനത്തിന്റെ ഒരു പ്രത്യേകത വാണിജ്യ കാര്യങ്ങൾക്കു പുറമേ കൃഷിയും സേവനങ്ങളും കൂടി അതിന്റെ പരിധിയിൽ ഉൾപ്പെടുത്തി എന്നുള്ളതാണു. ഉറുഗ്വേ സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം അന്താരാഷ്ട്ര വിപണന ഇടപാടുകളിൽ നിലവിലിരുന്ന എല്ലാ നിയന്ത്രണങ്ങളും എടുത്തുകളയുക എന്നുള്ളതായിരുന്നു. ലോക വാണിജ്യത്തിന്റെ 70 ശതമാനവും ഏകദേശം 500 ബഹുരാഷ്ട്ര കുത്തകകളുടെ കൈയ്യിൽ ആയിരിക്കുമ്പോൾ വാണിജ്യരംഗത്തുള്ള നിയന്ത്രണങ്ങളെല്ലാം എടുത്തുകളഞ്ഞാൽ ഉണ്ടാകുന്ന പ്രയോജനം ആർക്കു ലഭിക്കും എന്നുള്ളത് വിശദീകരിക്കേണ്ട ആവശ്യമില്ലല്ലോ. ഉറുഗ്വേ സമ്മേളനത്തിൽ എല്ലാവർക്കും സ്വീകാര്യമായ തീരുമാനം കൈക്കൊള്ളാൻ ആവാതെ വന്നപ്പോൾ ഗാട്ടിന്റെ ഡയറക്ടർ ജനറൽ ആയിരുന്ന ആർതർ ഡങ്കൽ ഗാട്ടിന്റെ അംഗങ്ങളുടെ അംഗീകാരത്തിനു വേണ്ടി തയ്യാറാക്കിയ ഒരു രേഖയാണു ഡങ്കൽ ഡ്രാഫ്റ്റ്. ഈ രേഖയെ സംബദ്ധിച്ചിടത്തോളം ചർച്ചകൾ ഇപ്പോഴും അവസാനിച്ചിട്ടില്ല.

**ലക്ഷ്യങ്ങൾ:** ഡങ്കൽ രേഖക്കു മൂന്നു പ്രഖ്യാപിത ലക്ഷ്യങ്ങളാണുള്ളത്. അന്താരാഷ്ട്ര വിപണനം നിർവിഘ്നം നടത്തുന്നതിനുവേണ്ടി ഇപ്പോൾ നിലവിലിരിക്കുന്ന തടസ്സങ്ങളെല്ലാം നീക്കുക എന്നുള്ളതാണു ഏറ്റം പ്രധാനപ്പെട്ട ലക്ഷ്യം. വികസനത്തിന്റെ കാര്യത്തിൽ ഏറ്റം പിമ്പിൽ നിൽക്കുന്ന രാജ്യത്തിനും അന്താരാഷ്ട്ര വിപണിയിൽ ഭാഗ ഭാഗിത്വം ഉറപ്പുവരുത്തുകയും അവർക്കു വിപണനത്തിനു കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുകയാണു രണ്ടാമത്തെ ലക്ഷ്യം. മൂന്നു, ഏറ്റവും അവികസിതമായ യാഷ്ട്രത്തിനു പോലും വികസിക്കുന്നതിനു ആവശ്യമായ സാങ്കേതിക സഹായം നൽകിയും അവരുടെ കയറ്റുമതി വർദ്ധിപ്പിച്ചും സാമ്പത്തിക ഉദാരവൽക്കരണം വഴിയും കമ്പോളത്തിൻമേലുള്ള അവരുടെ സ്വാധീനം ശക്തിപ്പെടുത്തുക. ഇവ യിൽ രണ്ടും മൂന്നും ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനു എന്തു സഹായം ആണു ലഭിക്കുവാൻ പോകുന്നതെന്നും അതിനുള്ള മാർഗം എന്താണെന്നും, അതിനു വേണ്ട സാമ്പത്തിക സഹായം എങ്ങനെ ലഭിക്കുമെന്നും വ്യക്തമാക്കിയിട്ടില്ല.

**സബ്സിഡികൾ:** സബ്സിഡികൾ നിർത്തുന്ന തിനാണു ഡങ്കൽ ഡ്രാഫ്റ്റിൽ ഏറ്റവും അധികം ഊന്നൽ കൊടുത്തിട്ടുള്ളത്. ഗ്രാൻറ്, വായ്പകൾ, വായ്പക്കുള്ള ഗാരൻറി, നികുതിയിളവും മറ്റു സാമ്പത്തിക പ്രോത്സാഹനങ്ങളും, സാധനങ്ങളും സേവനങ്ങളും, പരോക്ഷമായ സാമ്പത്തിക സഹായങ്ങൾ ആദായം, താങ്ങുവില എന്നിവയെല്ലാം സബ്സിഡികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവയിൽ പലതും ഇന്ത്യയിൽ ഇപ്പോൾ തന്നെ പ്രയോഗത്തിൽ ഇരിക്കുന്ന വയാണു. അതുകൊണ്ടു സബ്സിഡികളെ സംബദ്ധിച്ച ഡങ്കൽ നിർദ്ദേശങ്ങൾ ഇപ്പോഴത്തെ സാമ്പത്തിക സംവിധാനം തകരുന്നതിനു ഇടയാകുമെന്ന കാര്യത്തിൽ സംശയമില്ല.

**കൃഷി:** ഡങ്കൽ നിർദ്ദേശങ്ങൾ സാരമായി ബാധിക്കുന്നതു കാർഷിക മേഖലയാണു. ഏകദേശം 80 ശതമാനം ആളുകൾ കൃഷിയെ ആശ്രയിച്ചു കഴിയുന്ന സാഹചര്യ ത്തിൽ ഡങ്കൽ നിർദ്ദേശങ്ങൾ സാരമായ ഭവിഷത്തുകൾ വരുത്തി വയ്ക്കും. ഇന്ത്യ പോലെയുള്ള ഒരു അവികസിത രാജ്യത്തു കൃഷിക്കു വേണ്ടി നൽകാവുന്ന സാമ്പത്തിക സഹായം ആകെയുള്ള ഉൽപാദന ത്തിന്റെ 10 ശതമാനം മാത്രമാണു. സബ്സിഡി നൽകിയില്ലെങ്കിൽ ഇവിടെ വില വർദ്ധിക്കും. ഡങ്കൽ ഡ്രാഫ്റ്റ്

ആവശ്യപ്പെടുന്നതു കമ്പോള നിലവാരം അനുസരിച്ചു സർക്കാർ സാധനങ്ങൾ വാങ്ങുകയും സ്വദേശത്തു നിലവിലിരിക്കുന്ന വിലക്ക് വിൽക്കുകയും ചെയ്യണം എന്നതാണു. ഇതു നമ്മുടെ ധാന്യ ശേഖരത്തെയും പൊതു വിതരണ സമ്പ്രദായത്തെയും എങ്ങനെ ബാധിക്കും എന്നുള്ളതു നല്ലതു പോലെ ആലോചിക്കേണ്ടതാണു. വികസിത രാജ്യങ്ങൾ അവരുടെ കാർഷിക മേഖല വികസിപ്പിച്ചെടുത്തതു ഭീമമായ സബ്സിഡികൾ നൽകിയാണു. ഇന്ത്യയാകട്ടെ – 2 ശതമാനം സഹായമാണ് നൽകുന്നതു. കർഷകർക്കു സഹായം നൽകുന്നതിനു പകരം അവരുടെ മേൽ നികുതി ചുമത്തുകയായിരുന്നു എന്നർത്ഥം. അന്താരാഷ്ട്രരംഗത്തു ഭക്ഷണ സാധനങ്ങളുടെ വില കുറഞ്ഞിരിക്കുകയും നമ്മുടെ കമ്പോളങ്ങളിൽ ബഹുരാഷ്ട്രകുത്തകൾ നിർവിഘ്നം വിഹരിക്കുവാൻ ഡക്കൽ ഡ്രാഫ്റ്റിൽ നിർിദ്ദശിച്ചിരിക്കുന്ന വ്യവസ്ഥകൾ നടപ്പാക്കുകയും ചെയ്യുമ്പോൾ നമ്മുടെ കാർഷിക മേഖല കൂടുതൽ തളരുകയും വിദേശരാജ്യങ്ങളോടുള്ള ആശ്രയം വർദ്ധിക്കുകയുമല്ലേ, ഉണ്ടാകാൻ പോകുന്നത്.

**ബൗദ്ധിക വസ്തുക്കളുടെ മേലുള്ള അവകാശം (Intellectual Property Right):** പേറ്റൻറിൽ കൂടിയാണു ബഹുരാഷ്ട്രകുത്തകകൾ ഈ അവകാശം നിലനിർത്തുന്നതു. ഡക്കൽ നിർദ്ദേശങ്ങളുനുസരിച്ചുവസ്തുക്കളും സേവനങ്ങളും പേറ്റൻറിൻെറ പരിധിയിൽ വരും. വികസിച്ചു കഴിഞ്ഞിട്ടുള്ള രാജ്യങ്ങളിലും വികസനത്തിൻെറ പാതയിൽ പിച്ചവെച്ചു കയറി വരുന്ന രാജ്യങ്ങളിലും തുല്യതയുടെ അടിസ്ഥാനത്തിൽ പേറ്റൻറ് സമ്പ്രദായം നടപ്പിൽ വരുത്തിയാൽ വികസ്വര രാജ്യങ്ങൾക്കു ഒരിക്കലും വികസിക്കുവാൻ സാധിക്കയില്ല എന്നുള്ളത് ഒരു പരമാർത്ഥമാണു. ഇപ്പോൾ തന്നെ പേറ്റൻറുകളിൽ മിക്കവയും ചുരുക്കം ചില ബഹുരാഷ്ട്ര കോർപ്പറേഷനുകളുടെ കൈവശത്തിലാണു. ഇന്ത്യയിലാണെങ്കിൽ വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ പേറ്റൻറിനു രജിസ്റ്റർ ചെയ്തിട്ടുള്ളൂ. പേറ്റൻറിൻെറ ലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം നമുക്കില്ല. പേറ്റൻറിംഗിനു അനുകൂലമായ ഒരു മനോഭാവം നാം വളർത്തിയെടുത്തിട്ടുമില്ല. ഈ സാഹചര്യത്തിൽ പേറ്റൻറിംഗ് സമ്പ്രദായം ഇവിടെ നടപ്പാക്കിയാൽ അതു നമ്മുടെ കയറ്റുമതിയെ ബാധിക്കും; വിത്തുകൾ വാങ്ങുന്ന തിനു പോലും റോയൽറ്റി കൊടു ക്കേണ്ടി വരും. മരുന്നുകളെയാണു ഇതു ഏറ്റവും അധികം ബാധിക്കുന്നത്. നമ്മുടെ പരമ്പരാഗതമായ വൈദ്യസമ്പ്രദായത്തിനു പോലും പേറ്റൻറിംഗ് ഒരു ഭീഷണിയായി തീർന്നിരിക്കുകയാണു. ഇൻറർ നാഷണൽ മോണിറ്ററി ഫണ്ടും വേൾഡു ബാങ്കും പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുന്ന സാമ്പത്തിക ഉദാര വൽക്കരണ ത്തോടൊപ്പം ഡക്കൽ ഡ്രാഫ്റ്റ് നിർദ്ദേശിക്കുന്ന കർക്കശ നിയമങ്ങൾ പ്രയോഗത്തിൽ വന്നാൽ എന്തായിരിക്കും ഫലം?

ജനസംഖ്യ കൂടുതലുള്ള ഇന്ത്യയിൽ പല സാധനങ്ങൾക്കും ദൗർലഭ്യമുണ്ടു. ഇവിടെ സ്വതന്ത്ര വ്യാപാരം അനുവദിച്ചു കഴിഞ്ഞാൽ കയറ്റുമതിയേക്കാൾ കൂടുതൽ ഇറക്കുമതി ആയിരിക്കും സംഭവി ക്കുന്നത്. തദ്ഫലമായി പ്രതികൂല വ്യാപാരംമിച്ചം ഉണ്ടാവുകയും ചെയ്യും. മാത്രമല്ല, വിദേശ സാധനങ്ങൾ അനിയന്ത്രിതമായ രീതിയിൽ വന്നു ചാടിക്കഴിയുമ്പോൾ നമ്മുടെ ഇപ്പോൾ ഉള്ള വ്യവസായങ്ങൾ തന്നെ തകരുകയും ചെയ്യും. ഈ സാഹചര്യത്തിലും നമ്മുടെ ഭരണാധികാരികൾ വിചാരിക്കുന്നത് സാമ്പത്തിക ഉദാരവൽക്കരണവും കമ്പോള സൗഹൃദ സമീപനവും സ്വീകരിച്ചു കഴിയുമ്പോൾ അന്താരാഷ്ട്ര കമ്പോളങ്ങളിൽ വിജയകരമായി മത്സരിക്കുവാനും അങ്ങനെ ഒരു സാമ്പത്തിക രാക്ഷസനായി തീരുവാനും സാധിക്കും എന്നു തന്നെയാണു. അനേക നാളത്തെ അനുകൂല സാഹചര്യങ്ങളിൽ വളർന്നു വികസിച്ച വിദേശസഹായങ്ങളും വ്യവസായ രംഗത്തു പിച്ച വെച്ചു മാത്രം കയറികൊണ്ടിരിക്കുന്ന നമ്മുടെ വ്യവസായങ്ങളും തമ്മിൽ മത്സരിച്ചിട്ടു് ഇന്ത്യ ഒരു സാമ്പത്തിക രാക്ഷസൻ ആകാൻ പോവുകയാണു എന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? ഈ സാഹചര്യത്തെപ്പറ്റി ആർക്കെങ്കിലും ആശങ്ക തോന്നിയാൽ അത്ഭുത പ്പെടാനുണ്ടോ? കമ്പോള സൗഹൃദ സമീപനത്തിലെ അടിസ്ഥാന പരമായ ഒരു തത്വം അത്യാധുനികമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യവസായ മത്സരത്തിൽ വിജയിക്കുക എന്നുള്ളതാണു. ഉൽപാദന പ്രക്രീയയിൽ അത്യന്താധുനീകമായ സാങ്കേതിക വിദ്യ സ്വീകരിച്ചു കഴിഞ്ഞാൽ അനാവശ്യമായി തീരുന്നത് മനുഷ്യനാണു. **ഉൽപാദന പ്രക്രിയയിൽ മനുഷ്യനെ കൂടുതൽ കൂടുതൽ ഒഴിവാക്കുന്ന സാങ്കേതിക വിദ്യ സ്വീകരിക്കുമ്പോൾ ഉയർന്നു വരുന്ന സാമൂഹ്യ പ്രശ്നത്തിലേക്കു ഒന്നു വിരൽ ചൂണ്ടാൻ അഗ്രഹിക്കുന്നു.** ഒരുവൻ ബഹുരാഷ്ട്ര കുത്തകയായ ഇമ്പീരിയൽ കെമിക്കൽ ഇൻഡസ്ട്രിസിൻെറ പല വ്യവസായങ്ങളും കേന്ദ്രീകരിച്ചിരിക്കുന്ന ഇംഗ്ലണ്ടിലെ ഒരു നഗരത്തിൽ വെച്ചു നടന്ന യുവജനങ്ങളുടെ ഒരു കോൺഫറൻസിൽ ഏതാനും വർഷങ്ങൾക്കു മുമ്പു സാങ്കേതികാധി പത്യവാദികളുടെ (Technocrats) ഒരു അഭിപ്രായം ഈ ലേഖകൻ കേൾക്കുകയുണ്ടായി: 'മനുഷ്യരുടെ ആവശ്യങ്ങളെല്ലാം നിറവേറ്റുന്നതിന് ആകെയുള്ള ജനസംഖ്യയുടെ അഞ്ചോ, ആറോ ശതമാനം ആളുകൾ മാത്രം ജോലി ചെയ്താൽ

മതിയാകുന്ന ഒരു കാലം അടുത്തു തന്നെ സംജാതമാകാൻ പോകുന്നു; സാധനങ്ങൾ വാങ്ങുന്നതിനുളള ചെക്കും കൂടെ അവർക്കു അയച്ചു തരാൻ സാധിക്കും.' സാങ്കേതിക വിദ്യ ഇന്നത്തെ നിലയിൽ വികസിച്ചു കൊണ്ടിരിക്കുമ്പോൾ അങ്ങനെ ഒരു അവസരം ഉണ്ടാകുകയില്ല എന്നു പറയാനും നിവൃത്തിയില്ല. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽപ്പോലും അമേരിക്കൻ ഐക്യ സംസ്ഥാനങ്ങളിലെ ജന സംഖ്യയിൽ 70 ശതമാനത്തിലധികം ആളുകളും കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു എന്നാണു കേട്ടിട്ടുളളതു. ഇന്ന് അവിടെ അഞ്ചോ ആറോ ശതമാനം ആളുകൾ മാത്രമേ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നുളളു എന്നു മനസ്സിലാക്കാം. ആധുനീക സാങ്കേതിക വിദ്യയുടെ വികാസം മൂലം ഇങ്ങനെ ഒരു അവസ്ഥ അമേരിക്കയിൽ ഈ നൂറ്റാണ്ടിൽ തന്നെ ഉണ്ടായി എങ്കിൽ ലോക ജനതയുടെ ആവശ്യം മുഴുവൻ നിറവേറ്റാൻ അഞ്ചോ ആറോ ശതമാനം ആളുകൾ മാത്രം ജോലി ചെയ്താൽ മതിയാകുന്ന ഒരു കാലം അത്ര വിദൂര ഭാവിയിൽ ഉണ്ടാകാൻ പോകുന്നു എന്നു പറയുന്നത് അവിശ്വസിയ്ക്കാൻ കാരണം ഒന്നുമില്ല.

ഈ പ്രവചനം യഥാർത്ഥമായി തീരുമ്പോഴാണു ബാക്കിയുളള തൊണ്ണൂറ്റിനാലോ തൊണ്ണൂറ്റിഅഞ്ചോ ശതമാനം ആളുകൾ ഒരു വലിയ സാമൂഹിക പ്രശ്നമായി തീരുന്നതു. അവർ, പ്രത്യേകിച്ചു വരുമാനം ഒന്നുമില്ലാത്ത സാമൂഹ്യ പ്രവർത്തനത്തിൽ ഏർപ്പെട്ടാൽ മതി എന്നും അതിനു വേണ്ടി അവരെ ഒരുക്കുകയാണും ഭാവിയിൽ സഭയുടെ ദൗത്യം എന്നുമാണ് സാങ്കേതിക ആധിപത്യ വാദികൾ പറയുന്നതു. വിയറ്റ്നാം യുദ്ധം നടന്നു കൊണ്ടിരിക്കുമ്പോൾ അന്നത്തെ അമേരിക്കൻ പ്രസിഡന്റു ലിണ്ടൻ ജോൺസൺ പറയുകയുണ്ടായി. **വിയറ്റ്നാമിൽ ഒരു ദിവസം മരിക്കുന്നതിനേക്കാൾ കൂടുതൽ ആളുകൾ വാരാന്ത്യത്തിന്റെ ഓരോ ദിവസവും അമേരിക്കയിലെ ഹൈവേകളിൽ മരിച്ചു വീഴുന്നു. ഇഷ്ടം പോലെ സമയവും കൈനിറയെ പണവും ഉണ്ടാകുമ്പോൾ സംജാതമാകുന്ന അവസ്ഥയാണു ആ പ്രസ്താവന ചൂണ്ടിക്കാട്ടുന്നതു. മനുഷ്യൻ ജോലി ചെയ്യുന്നത് അവന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി മാത്രമാണോ? മനുഷ്യന്റെ വ്യക്തിത്വ വികാസത്തിനു ജോലി ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരാവശ്യമല്ലേ?** എല്ലാവർക്കും തൊഴിലവസരം ലഭിക്കണം എന്നുളളതു കൊണ്ടായിരുന്നു അനിയന്ത്രിതമായ യന്ത്രവൽക്കരണത്തെ ഗാന്ധിജി എതിർത്തത്. എല്ലാവർക്കും തൊഴിൽ ലഭിച്ചുകഴിയുമ്പോൾ തൊഴിലിലെ കാർക്കശ്യവും വിരസതയും ഒഴിവാക്കാൻ വേണ്ടി യന്ത്രങ്ങൾ ഉപയോഗിക്കുന്നതു തെറ്റല്ല എന്നും ഗാന്ധിജി പറഞ്ഞു. ഹൈ ടെക്നോളജി ഉപയോഗിച്ചു ഉൽപാദനം വർദ്ധിപ്പിയ്ക്കാൻ ശ്രമിക്കുന്നവർ ഗാന്ധിജിയിലൂടെ ഈ അഭിപ്രായം കൂടി കണക്കിലെടുക്കേണ്ടതാണു. (P.T.T.)

## വായനക്കാർ സംസാരിക്കുന്നു...

ജനങ്ങളുടെ ശബ്ദത്തിന് പ്രാധാന്യം നൽകുന്ന ഒരു പ്രസിദ്ധീകരണമാണിതു. പ്രസക്തമെന്നു തോന്നുന്ന ഏതു വിഷയത്തെക്കുറിച്ചും ഈ പംക്തിയിൽ എഴുതാം. ചർച്ചകൾക്ക് അതു വേദിയൊരുക്കും. നിങ്ങളുടെ അഭിപ്രായങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ, പത്രാധിപർ, ന്യൂ വിഷൻ, മാങ്ങാനം, കോട്ടയം-18 എന്ന വിലാസത്തിൽ അയച്ചു തരിക.

**– പത്രാധിപർ.**

● നാലാം ലക്കം ന്യൂ വിഷൻ വായിച്ചു. പ്രസിദ്ധീകരിച്ച എല്ലാ മുൻ ലക്കങ്ങളും വായിച്ചു. ഒരു മറുനാടൻ മലയാളി എന്ന നിലയിൽ "ന്യൂ വിഷന്" എന്റെയും എന്നെപ്പോലെയുളള മറ്റുളളവരുടേയും ഹൃദയം നിറഞ്ഞ ആശംസകൾ. കെട്ടും മട്ടും ഭംഗിയായിരിക്കുന്നു. നാലാം ലക്കം മുഖചിത്രത്തിനു രൂപം കൊടുത്ത കലാ കാരനു അനുമോദനത്തിന്റെ പൂച്ചെണ്ട്. എല്ലാ ലേഖനങ്ങളും പ്രൗഢമായിരിക്കുന്നു. നാലാം ലക്കത്തിലെ തിരഞ്ഞെടുപ്പ് അവലോകനം വായിച്ചു. വിമർശനാത്മകത മാറ്റി വച്ചു വസ്തുനിഷ്ഠമായി വസ്തുതകൾ പ്രതിപാദിച്ച ലേഖകനു നന്ദി. ലേഖനം വായിച്ചപ്പോൾ നിരാശയും ദുഃഖവും അമർഷവും അതോടൊപ്പം നമ്മെക്കുറിച്ചു ഒരു കുറ്റ ബോധവും തോന്നി. കാരണത്തിലേക്കു പ്രവേശിക്കുന്നതിന് മുൻപു ഒരു സംഭവം പറയട്ടെ. അടുത്ത സന്ദർഭത്തിൽ മാർപ്പാപ്പ അമേരിക്ക സന്ദർശിക്കുകയുണ്ടായി 70 രാഷ്ട്രങ്ങളിൽ നിന്നും 170,000-ൽ പരം കത്തോലിക്കാ യുവജനങ്ങൾ പങ്കെടുത്ത ഒരു യുവജന സമ്മേളനത്തിൽ മാർപ്പാപ്പ പ്രസംഗിച്ചപ്പോൾ അമേരിക്കയുടെ ഇന്നത്തെ സാമൂഹ്യ പരാജയങ്ങളെ പരാമർശിച്ചു ഇപ്രകാരം പറഞ്ഞു.

"Let us pause and reason together to educate without a value system based on truth, is to abandon young people to moral confusion, personal insecurity and easy manipulation. No country, not even the most powerful, can endure it if it deprives its own children of this essential good."

ഈ പ്രസ്താവന പത്രം, ടെലിവിഷൻ, മാദ്ധ്യമങ്ങൾ തീരെ ശ്രദ്ധിച്ചില്ല. മറ്റു പലതിനും അവർ പ്രാധാന്യം നൽകി. കാരണം, മൂല്യമോ, സത്യമോ, നൻമയോ ഇന്നാർക്കാണാവശ്യം? അതും ഒരു സംപന്ന സമൂഹത്തിൽ. ലേഖനത്തിലെ ഒരു കാര്യം എടുത്ത പറയട്ടെ.

സഭ വിശുദ്ധമാണു. അതു 'വിശുദ്ധന്മാ'രായ, (അശുദ്ധൻമാരും), നമ്മൾ അങ്ങനെയാണു അവകാശപ്പെടുന്നതു - എല്ലാവരും ആരാധന

യിൽ വിശ്വാസ പ്രമാണത്തിലൂടെ ഏറ്റു പറയുന്നു. 1993 ജൂൺ 15-ാം കോട്ടയം ഭദ്രാസന ദേവാലയത്തിൽ ഈ വിശുദ്ധ സഭയുടെ അതി വിശുദ്ധ സമിതിയായ കൗൺസിൽ സമ്മേളനത്തിൽ പങ്കെടുത്ത തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധരായ പ്രതിപുരുഷൻമാരും സ്ത്രീകളും, വിശുദ്ധ സഭയുടെ നേതാവായി നമ്മുടെ ശ്രേഷ്ഠ മഹാപുരോഹിതനായ ക്രിസ്തു നാഥന്റെ പ്രതിനിധിയെ തിരഞ്ഞെടു ക്കുവാൻ ആണു ഒന്നിച്ചു കൂടി വന്നതു. ഗമാലിയേലിനെപ്പോലെ വന്ദ്യനായ ഉപദേഷ്ടാവായ ബഹു: ബഞ്ചമിൻ തിരുമേനി ദൗത്യ നിർവ്വഹണത്തിനായി കൂടിവന്നവരോടു് പ്രസംഗിച്ചു. ഈ പ്രസംഗവും വായിക്കുക യുണ്ടായി. അതുശ്രദ്ധിച്ചു കേട്ട ഒരു വിഭാഗത്തിന്റെ മനസും മനസാക്ഷിയും മരച്ചതോ മരിച്ചതോ ആയിരുന്നു എന്നു വേണം നൈനാൻ സാറിന്റെ ലേഖനത്തിൽ നിന്നും മനസിലാക്കാൻ. **കാരണം എൺപതോളം ആളുകൾ ഏതോ "അസാധുവിനു" (ഇല്ലാത്ത സ്ഥാനാർത്ഥി) തങ്ങളുടെ വിലയേറിയ സമ്മതിദാനം, രേഖപ്പെടുത്തുകയോ, രേഖപ്പെടുത്താതെയോ ദുരുപയോഗപ്പെടുത്തി.**

ഭയമോ പക്ഷപാതമോ കൂടാതെ സമ്മതി ദാനം രേഖപ്പെടുത്തുന്നതാണു എന്നു ദൈവ നാമത്തിൽ സത്യപ്രതിജ്ഞ ചെയ്തു കൈ ഒപ്പു ഇട്ട ശേഷമല്ലേ ഈ ദൈവമക്കൾ വോട്ടു ചെയ്യ്തോ, ചെയ്യാതിരുന്നതോ? അങ്ങനെ എങ്കിൽ അവരുടെ സത്യത്തിനോ പ്രതിജ്ഞക്കോ, ദൈവ നാമത്തിനോ എന്താണ് വില? അതും വിശുദ്ധ സ്ഥലത്തുവെച്ചു ദൈവത്തിന്റെ - സഭയുടെ നാഥനായ കർത്താവിന്റെ - അദൃശ്യ സാന്നിദ്ധ്യം കൂടെയുണ്ടു എന്നവകാശപ്പെടുന്ന ദേവാലയത്തിലാണു ഇതെല്ലാം നടന്നതെന്നോർക്കുമ്പോൾ, അവിടെ കർത്താവു് ഉണ്ടായിരുന്നു എന്നു ചിന്തിക്കാൻ നിവൃത്തിയില്ല. ഈ 80-നു അടുത്ത ആളുകളാരും സാത്താന്റെ പള്ളിക്കാരല്ലായിരുന്നു. ഒരു പക്ഷേ പുരോഹിതൻമാരും ഉപദേശിമാരും അയ്മേനിയോടൊപ്പം കണ്ടേക്കാം. ദൈവം അറിയുന്നു അവർ ആരൊക്കെയെന്നു. **ഈ അസാധുവിനു വോട്ടു ചെയ്യ്തവർ അവരുടെ സത്യ പ്രതിജ്ഞയുടെ ഗൗരവം മനസിലാക്കിയിരുന്നെങ്കിൽ, ഇതു ചെയ്കയില്ലായിരുന്നു.** ഇതു പരിശുദ്ധാത്മാവിനെതിരെയുള്ള പാപമല്ലേ? ഇതിനു ന്യായവിധി ഉണ്ടെന്നവർ മറന്നുകളഞ്ഞോ? "മിഷ്യനറി താൽപര്യമോ വേദശാസ്ത്ര പരിജ്ഞാനമോ" കണക്കിലെടുത്ത് ഈ 80 വോട്ടുകൾ രേഖപ്പെടുത്തിയിരുന്നു വെങ്കിൽ സിനഡിന് മറ്റൊരു തീരുമാനത്തിലെത്തേണ്ടി വരികയില്ലാ യിരുന്നോ? അപ്പോൾ ദൈവഹിതപ്രകാരം തെരഞ്ഞെടുപ്പു നടന്നു എന്ന് കൊട്ടിഘോഷിക്കുന്നെങ്കിൽ എവിടെയാണ് ആത്മീയത? ആത്മീയമോ ക്രിസ്തീയമോ അല്ലാത്ത ഇത്തരം നടപടികൾ മറ്റു പല മഹാ ഇടവകകളിലും നടന്നിട്ടുണ്ടാകാം. സംസ്കാരമോ, വിദ്യാഭ്യാസമോ, പരിഷ്ക്കാരമോ ഇല്ലാത്തിടത്തു ഇത് സംഭവിച്ചാൽ അത്ഭുതപ്പെടാനില്ല. അവിടെയേ ഈ ദൃശ്യ പ്രവൃത്തികൾ നടക്കൂ. മദ്ധ്യ കേരളത്തിൽ ഇതു സംഭവിച്ചു എന്നു കേട്ടപ്പോൾ, പാരമ്പര്യമുള്ള ഒരു മഹായിടവകയിൽ ഇതു സംഭവിച്ചു എന്നു കേട്ടപ്പോൾ, നമ്മുടെ ആത്മീയ തയുടെ പുഴുക്കുത്തുകൾ എവിടെ യാണെന്നു ചിന്തിക്കേണ്ടി വന്നു. ആ 80ഓളം ആളുകളുടെ നടപടി ദൈവീകമെന്നു അവകാശപ്പെടാൻ എന്തു ന്യായീകരണം ഉണ്ടു? തിരഞ്ഞെടുപ്പാണെങ്കിൽ തന്ത്രങ്ങളും ഉണ്ടാകും എന്നു മറുപടി പറഞ്ഞേക്കാം. തന്ത്രം സഭയിൽ ദൈവീകമല്ല പൈശാചീകമാണു. രാഷ്ട്രീയത്തിലും യുദ്ധ ത്തിലും തന്ത്രങ്ങൾ പ്രയോഗിച്ചു എതിരാളിയെ തോൽപ്പിക്കും. ഇവിടെ എല്ലാവരും ദൈവത്തിന്റെ കൂട്ടുവേലക്കാർ എന്നവകാശപ്പെടുന്നവരല്ലേ? അവർക്കെന്തിനാണു ഈ ഹീനമായ തന്ത്രം? ഈ തന്ത്രം ഏദനിൽ ആരംഭിച്ചതാണു. അതു കാൽവറിയിൽ പരാജയപ്പെട്ടു. കാൽവറിയിലെ പരാജയത്തിൽ വിറളി പിടിച്ച സാത്താൻ ഇന്നു അതി വിശുധൻമാരായ സഭാ പ്രതി പുരുഷൻമാരിൽ കടന്നു കൂടിയിരിക്കുന്നു എന്നു ചിന്തിക്കേണ്ടി വരുന്നതിൽ തെറ്റുണ്ടോ? നിങ്ങൾക്കു സഭയിലെ കാവൽക്കാരായിരിക്കാൻ ധാർമ്മീകമായ അവകാശം ഇല്ല. ഇതു ദർശനത്തിന്റെ മരണമല്ലേ? അത്മീകതയുടെയും?

ഇതു നേതൃ സ്ഥാനങ്ങളിൽ നിന്നുണ്ടായ നിർദ്ദേശം മൂലമാണെങ്കിൽ, ഇപ്രകാരമുള്ള നേതൃത്വം ദൈവികമാണു എന്നു ചിന്തിക്കുന്നില്ല. അതു സഭയെ തളർത്തും, അപലപിക്കേണ്ടതുമാണ്. അസാധുവിനു വോട്ടു ചെയ്തവർ സ്വയം ഏറ്റെടുത്തു ചെയ്യ്താണെങ്കിൽ ശിക്ഷാവിധി സ്വയം വഹിക്കട്ടെ. തിരഞ്ഞെടുപ്പ് ദൈവഹിതപ്രകാരം ആയിരുന്നു എന്നു ഇനിയും പറയാതിരിക്കണം.

**"തിരു വചനത്തിൽ ശമുവേൽ ബാലൻ പറഞ്ഞു. "യഹോവേ, അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു." ഇന്നു വിശുദ്ധ ജനം എന്ന് സ്വയം വിശേഷിപ്പിക്കുന്നവൻ പറകയാണു 'യഹോവേ കേൾക്കേണമേ, അടിയൻ അരുളിചെയ്യുന്നു." സുപ്രസിദ്ധനായ ഉണർവ്വ് പ്രസംഗകൻ ചാൾസ് സ്റ്റാൻലി പറഞ്ഞതാണിതു. ഇന്നു ഇതല്ലേ നടക്കുന്നതു.?**

തെരഞ്ഞെടുപ്പിനെക്കുറിച്ച് വസ്തു നിഷ്ഠമായ ഒരവലോകനം നൽകിയതിൽ ലേഖന കർത്താവിനെ അനുമോദിക്കുന്നു. തുടർന്നും ഇതു പോലുള്ള ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

**രാജൻ മാത്യൂസ്, ന്യൂയോർക്ക്**

● നമ്മുടെ മഹായിടവകയുടെ ബിഷപ്പ് തെരഞ്ഞെടുപ്പും, സ്ഥാനാരോഹണവും, മംഗളമായി പര്യവസാനിച്ചതിൽ ദൈവത്തിനു സ്തോത്രം ചെയ്യാം. അതിൽ 'ന്യൂ വിഷൻ' വഹിച്ച പങ്ക് സ്തുത്യാർഹമാണു. മേലിലും മഹായിടവകയുടെ പ്രശ്നങ്ങൾ വസ്തുനിഷ്ഠ

മായും, നിഷ്പക്ഷമായും വിലയിരുത്തുവാൻ സഹായി ക്കുന്നതിൽ 'ന്യൂ വിഷനു'' വലിയ പക്ക് വഹി ക്കുവാൻ സാധിക്കും. അതിനു വേണ്ടി സാമ്പത്തികമായും മറ്റു വിധത്തിലും 'ന്യൂ വിഷനെ' എല്ലാ സഹൃദയരും പ്രോത്സാഹിപ്പിക്കേണ്ടതാണു

മഹായിടവകയെ ദൈവം കൈവിടുകയില്ല എന്നതിനു ഉത്തമ ഉദാഹരണമായി ഈ തെരഞ്ഞെടുപ്പിനെ കാണുന്നവർ അനേകരുണ്ടു. അതിനോടു യോജിക്കാത്തവരും, സി. എസ്. ഐ. ഭരണഘടന അനുശാസിക്കുന്ന തെരഞ്ഞെടുപ്പു രീതി അംഗീകരിച്ചുകൊണ്ടാണല്ലോ ഇതിൽ പക്കുകൊണ്ടതു. അതിന്റെ ഫലം തങ്ങൾക്കു അനുകൂലമല്ലെങ്കിൽ തന്നെ അതിന്റെ തീരുമാനം ആത്മാർത്ഥമായി സ്വീകരിക്കയും സഹകരണ മനോഭാവത്തിൽ മുമ്പോട്ടു പോകയും ചെയ്യേണ്ടതാണു.

നമ്മുടെ മഹായിടവകയുടെ പടിപടിയായുള്ള അധഃപതനം നാലു ദശാംബ്ദങ്ങളായി തുടർന്ന് കൊണ്ടു പോരുന്നതാണു. അമേരിക്കയിൽ നിന്നും, യൂറോപ്പിൽ നിന്നും സുലഭമായി പണം ലഭിക്കുകയും, യേശുക്രിസ്തുവിനെയും തന്റെ ക്രൂശിനെയുംകാൾ കൂടുതൽ പണത്തെ ബഹുമാനിക്കുകയും ചെയ്കപ്പോൾ അത് ആരംഭിക്കുകയും, ക്രമേണ അധഃപതനം വർദ്ധിക്കുകയും മായിരുന്നു. അതിനു മഹായിട വകയിലെ എല്ലാ അംഗങ്ങളും ഏറെക്കുറെ ഉത്തരവാദികളാണു. അതിൽ നിന്നു പെട്ടന്നു ഒരു വിമോചനം ലഭിക്കുവാൻ പുതിയ ബിഷപ്പിന് കഴിഞ്ഞെന്നു വരില്ല, എന്നാൽ **ആരംഭത്തിൽ തന്നെ ബിഷപ്പ് ചില സംഗതികളിൽ അചഞ്ചലമായ നയങ്ങളും, കാഴ്ചപ്പാടും സ്വീകരിച്ചില്ലെങ്കിൽ, പഴയ ഒഴുക്കിലേക്കു പ്രവേശിക്കാനാണു സാദ്ധ്യത.**

സഭയിലെ ധനവാൻമാരെയും ദരിദ്രരെയും ഒരേ നിലയിൽ കാണുവാൻ ബിഷപ്പിനു സാധിക്കണം. അതു പ്രാവർത്തികമാകണമെങ്കിൽ സ്വന്തമായി പാരിതോഷികങ്ങളോ, സമ്മാനങ്ങളോ സ്വീകരിക്കയില്ല എന്നു തീരുമാനി ക്കേണ്ടതാണു. മിഷ്യനറി ബിഷപ്പൻമാരുടെ കാലത്തു ഈ പതിവില്ലായിരുന്നു. അതിനു ശേഷം, ആദ്യ കാലങ്ങളിൽ അങ്ങനെയുള്ള സംഭാവനകൾ ബിഷപ്പു തന്നെ ഡയോസീസൻ ആഫീസിൽ അടക്കുകയും, ബിഷപ്പിന്റെ നിർദ്ദേശ പ്രകാരം ആഫീസിൽ അടക്കുകയും, ബിഷപ്പിന്റെ നിർദ്ദേശപ്രകാരം ആഫീസിൽ കൂടെമാത്രം കൈകാര്യം ചെയ്യുകയുമായിരുന്നു പതിവു. **ബിഷപ്പിന്റെ സ്വന്ത ആവശ്യങ്ങൾക്കു ഉദാരമായി ആഫീസിൽ നിന്നു ക്രമീകരി ക്കുകയും, വ്യക്തിപരമായി സംഭാവന കൾ യാതൊന്നും സ്വീകരിക്കാതി രിക്കയും ചെയ്യുന്ന പതിവു് പുനരാരംഭിക്കേണ്ടതു വളരെ അത്യാവശ്യമാണു.**

അതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്ന സംഗതിയാണു വ്യക്തികളുടെ ആഘോഷങ്ങളിൽ (വിവാഹം, വീട്ടുകൂദാശ മുതലായവ) സംബദ്ധിക്കുന്ന പതിവു, കഴിയുന്നതും അതു ഒഴിവാക്കുകയും പ്രത്യേക അവസരങ്ങൾക്കായി പ്രമാണങ്ങൾ രൂപീകരിക്കുകയും ചെയ്യേണ്ടതാണു.

മതപരമോ, മറ്റു വിധത്തിലുള്ള ഏതൊരു സംഘടനയിലേയും അദ്ധ്യക്ഷന് ഇല്ലാത്തതിൽ കൂടുതൽ അധികാരങ്ങൾ സി. എസ്. ഐ ബിഷപ്പുമാർ അവകാശപ്പെടുന്നുണ്ടു. മറ്റു എപ്പിസ്ക്കോപ്പൽ സഭകളിൽ മഹായിടവക ബിഷപ്പുമാരെ നിയന്ത്രിക്കുവാൻ ആർച്ചു ബിഷപ്പ്സ് സിനഡ് എന്നിവയുണ്ടു. സി. എസ്. ഐ. ഭരണഘടന പ്രാബല്യത്തിൽ വന്നപ്പോൾ ഉണ്ടായ ചില പാളിച്ചകളാണു ഇപ്പോഴത്തെ സാഹചര്യം സൃഷ്ടിച്ചത്. അതിന്റെ ദൂഷ്യഫലങ്ങൾ അനുഭവിച്ചവർ തന്നെയാണു പുതിയ ബിഷപ്പുമാരാകുന്നത്. അതുകൊണ്ടു ആ പാരമ്പര്യത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പു തന്നെ, നമ്മുടെ ബിഷപ്പിനു അതു തിരുത്തുന്നതിനു മുൻ കൈയെടുക്കുവാൻ സാധിക്കും.

ഇതുപോലെയുള്ള പല സംഗതികളിലും പുതിയ ബിഷപ്പ് ഒരു ശരിയായ നിലപാടു് സ്വീകരിക്കു കയും പുതിയ പാരമ്പര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നു. ഒഴുക്കിൽപ്പെട്ടു കഴിഞ്ഞാൽ രക്ഷപെടുന്നത് കൂടുതൽ വിഷമമാണു.

**സി. ജോൺ മത്തായി**

● ന്യൂ വിഷൻ കിട്ടി. ഹൂസ്റ്റണിൽ ബിഷപ്പ് മൈക്കിൾ ജോണിന്റെ കൺവൻഷൻ പ്രസംഗം കേട്ടിട്ടു തിരികെ വീട്ടിൽ വന്നപ്പോഴാണു ന്യൂ വിഷൻ തപാലിൽ വന്നു കിടക്കുന്നതു കണ്ടത്. ജ്ഞാന നിക്ഷേപത്തിനു പല ലേഖനങ്ങൾ പലപ്പോഴായി അയച്ചു കൊടുത്തിട്ടുണ്ടു. ഒന്നുപോലും വെളിച്ചം കണ്ടില്ല. വിഷന്റെ പ്രസിദ്ധീകരണത്തിൽ സാമ്പത്തിക സഹായം നൽകണമെന്നുദ്ദേശമുണ്ടു. നാട്ടിൽ വരുമ്പോൾ സഹായിക്കാം.

ബിഷപ്പ് സാം മാത്യു പീരുമേട്ടിൽ ഉപദേശിയായി വന്നപ്പോൾ അദ്ദേഹം എന്റെ കൂടെയാണ് പ്രവർത്തിച്ചത്. അന്നു ഞാനും ഉപദേശിയായിരുന്നു. ഞങ്ങൾ ഒരുമിച്ചു പട്ടത്വവും സ്വീകരിച്ചു. ഏതായാലും കുത്തഴിഞ്ഞുകിടക്കുന്ന മദ്ധ്യ കേരള മഹായിട വകയ്ക്കും സമൂല പരിവർത്തനം ഉണ്ടാകുമെന്നാണു എന്റെ വിശ്വാസം. അതിനുള്ള സ്വർഗ്ഗീയ പരിജ്ഞാനവും അവസരങ്ങളും ബിഷപ്പ് സാം മാത്യുവിനു ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**റവ. ഡോ. കെ. എസ്. ജോർജ്, ഗാർലൻഡു്, യു. എസ്. എ.**

● നന്നായിട്ടുണ്ടു. നിഷ്പക്ഷമായി എല്ലാ കാര്യങ്ങളും വിലയിരുത്തുക.

**– ജോർജ് മാത്യു, എടക്കുന്നം, കോട്ടയം.**

● നന്നായിരിക്കുന്നു. കൂടുതൽ കൂടുതൽ നവീകരണ മാർഗ്ഗങ്ങൾക്കും

പുരോഗതിക്കും വേണ്ടിയുള്ള ശബ്ദം പ്രതിക്ഷിക്കുന്നു.

**– മാത്യു മംഗലത്തു, ഫിലാഡൽഫിയ.**

● വിഷൻെറ മൂന്നു ലക്കങ്ങൾ ലഭിച്ചു. തുടർന്നും ലഭിക്കുവാൻ ആഗ്രഹിക്കുന്നു. ക്രൈസ്തവ ദൗത്യ നിർവഹണത്തിൻെറ പുതിയ മാനങ്ങൾ തേടുന്നതിനുള്ള ദാർശനിക വേദിയൊരുക്കുന്ന ഈ സംരംഭം തികച്ചും സ്വാഗതാർഹമാണു. സഹോദരിമാർക്കു വേണ്ടി ഒരു പംക്തി കൂടി ഉൾപ്പെടുത്തിയാൽ നന്നായിരിക്കുമെന്നു അഭിപ്രായപ്പെടുന്നു. ക്രിയാത്മകമായ ഒരു പുതിയ പന്ഥാവിലേക്കാവട്ടെ വിഷൻെറ ജൈത്ര യാത്ര.

**– ലില്ലിക്കുട്ടി ജേക്കബ്, റാന്നി.**

● 'ന്യൂ വിഷൻ' മാസികയുടെ രണ്ടു ലക്കങ്ങൾ കിട്ടി. വളരെ നന്ദി പറയുന്നു. സഭയുടെ പുതുക്കത്തിനും രൂപാന്തരത്തിനും വേണ്ടിയാണു നില കൊള്ളുന്നതെന്നുള്ള പ്രസ്താവന പ്രോത്സാഹനജനകമാണ്. ഇതിൻെറ പ്രവർത്തനങ്ങൾ അനേകർക്കു പ്രയോജനകരമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**എം. ജെ. വർക്കി, തിരുവല്ല.**

● മാസിക മുഴുവനും വായിച്ചു. എന്നെ നന്നായി ആകർഷിച്ചു.

**എ. കെ. ജോൺ, പള്ളം, കോട്ടയം.**

● കഴിഞ്ഞ ലക്കങ്ങളെല്ലാം എനിക്കു ലഭിച്ചു. നന്ദി മൂല്യ ശോഷണം സമൂഹത്തിൽ മാത്രമല്ല സഭയിലും കടന്നു കൂടിയിട്ടുള്ള ഈ കാലത്ത് ന്യൂ വിഷനു കാലികമായ പ്രസക്തി യുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അനേകം ബൗദ്ധിക പ്രതിഭകളെ സംഭാവന ചെയ്തിട്ടുള്ള മദ്ധ്യ കേരള മഹായിടവകയ്ക്ക് ഇനി കൂടുതൽ മുമ്പോട്ടു പോകുവാൻ ഉണ്ടു. ഈ സദുദ്യമത്തെ വളരെ പ്രതിക്ഷയോടെയാണു കാണുന്നതു. എൻെറ പ്രാർത്ഥനകളും, ആശംകളും.

**റവ. ഫെലിക്സ് മാത്യു, പുതുവൽ.**

● ഈ പ്രസിദ്ധീകരണം മുടങ്ങാതെ പ്രസിദ്ധീകരിക്കപ്പെടണമെന്നാണ് ഇവിടെയുള്ള ഞങ്ങളുടെ ആഗ്രഹം.

**സി. എസ്. ജോർജ്, ന്യൂയോർക്ക്.**

● വിഷൻെറ മെയ് ജൂൺ ലക്കം വായിച്ചു. വളരെ നന്നായിരിക്കുന്നു. പക്ഷേ അച്ചടി ക്രമം ശരിയല്ല.

**ജോൺ ഫിലിപ്പു്, കോടുകുളഞ്ഞി.**

● ന്യൂ വിഷൻെറ നാലാം ലക്കം കിട്ടി. ഉള്ളടക്കം നന്നായിരിക്കുന്നു. നിഷ്പക്ഷരായി നില കൊള്ളുന്ന കൂടുതൽ പേരെകൂടി ഈ പ്രസിദ്ധീകരണത്തിൻെറ പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കണം. സഭയിൽ സമാധാനവും ഐക്യവും ഉണ്ടാകുന്ന പ്രക്രിയയിൽ ഈ പ്രസിദ്ധീകരണം സഹായിക്കട്ടെ. അധികാര മോഹവും, സ്വാർത്ഥയും, നമ്മുടെ സഭയുടെ മുമ്പോട്ടുള്ള പുരോഗതിയെ തടസ്സപ്പെടുത്തി ...... ആശംസകൾ.

**പി. എം. തോമസ് – പള്ളം, കോട്ടയം-7.**

● ന്യൂ വിഷൻെറ 1, 2, 4 ലക്കങ്ങൾ എനിക്ക് ലഭിച്ചു. നാലാമത്തെ ലക്കം സൂഷ്മതയോടെ വായിച്ചു. എല്ലാം ഏവർക്കും പ്രയോജനം ചെയ്യുന്നവയാണു. നിഷ്പക്ഷമായി പ്രസിദ്ധീകരിക്കുന്ന ഈ പ്രസിദ്ധീകരണം മഹായിടവകയുടെ ഇന്നത്തെ ആവശ്യമാണു. ന്യൂ വിഷൻെറ സ്ഥിരം വായനക്കാരനാവുകാൻ ഞങ്ങൾ കുടുംബ സമേതം ആഗ്രഹിക്കുന്നു. വരിസംഖ്യ എത്രയാണെന്നു ദയവായി അറിയിച്ചാലും. ആശംസകൾ.

**- സി. പി. മാത്തുണ്ണി. ആല, ചെങ്ങന്നൂർ.**

● ന്യൂ വിഷൻെറ ജൂലയ്-ആഗസ്റ്റ് ലക്കം അയച്ചു തന്നതിനു നന്ദി സത്യത്തെ തിരിച്ചറിയുവാൻ സഹായിക്കുന്ന ഒരു പ്രസിദ്ധീകരണം തുടങ്ങുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളേ കുറിച്ചു ഞാൻ ബോധവാനാണു. ക്രിസ്തീയ സമർപ്പണത്തിൻെറ ഭാഗമായി ഈ വെല്ലുവിളി ഏറ്റെടുത്തിരിക്കുന്ന സുഹൃത്തുക്കൾക്ക് അഭിനന്ദനങ്ങൾ.

**- റവ. സി. ജെ. തോമസു് ടെക്സാസ്.**

● വസ്തുനിഷ്ഠവും നിഷ്പക്ഷവും മായുള്ള വസ്തുതകൾ വായനക്കാരുടെ മുൻപിൽ അവതരിപ്പിക്കുവാൻ ന്യൂ വിഷനു കഴിഞ്ഞു എന്നതിൽ ചുമതലക്കാരെ അഭിനന്ദിക്കുന്നു. മഹായിടവകയിലെ അനുകാലിക പ്രശ്നങ്ങളെയും പ്രവർത്തനങ്ങളെയും വിലയിരുത്തുന്നതോടൊപ്പം വിഷൻെറ കാഴ്ചപ്പാടു വിപുലപ്പെടുത്തി ദക്ഷിണേന്ത്യ സഭയെയും, അഗോള സഭയേയും മനസ്സിലാക്കുവാനും വായനക്കാരെ സഹായിക്കുമെന്നു പ്രതീക്ഷിക്കുന്നു. സൗജന്യമായി മാസിക നൽകുന്നതിനേക്കാൾ കുറഞ്ഞ വരിസംഖ്യ എങ്കിലും ഈടാക്കേണ്ടതാണു. ക്രമമായ പ്രസിദ്ധീകരണത്തിന് അതു സഹായിക്കും.

**ജോസഫ് മണി, ഒളശ്ശ.**

● ന്യൂ വിഷൻെറ ഏറ്റവും പുതിയ ലക്കം കണ്ടു – മാസികയുടെ ഫോർമാറ്റു ചെറുതാകുന്നതു നല്ലതായിരിക്കും. എഡിറ്റിംഗ് കുറച്ചുകൂടി നന്നാകണം. ലേഖനങ്ങൾ രണ്ടു പേജിൽ കൂടരുതു. വരിസംഖ്യ ഇല്ലാതെ നില നിൽക്കാനാവുമോ?

**മാമ്മൻ വറുഗീസ്, കഞ്ഞിക്കുഴി, കോട്ടയം.**

● ന്യൂ വിഷൻെറ നാലാമത് ലക്കവും കിട്ടി. അഭിനന്ദനങ്ങൾ. പല ഭാഷകൾ സംസാരിക്കുന്ന ജന വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ദക്ഷിണേന്ത്യ സഭയിൽ എങ്ങനെയാണു ദക്ഷിണേന്ത്യ സഭയുടെ പശ്ചാത്തലത്തിൽ പ്രവർത്തിക്കുക? ന്യൂ വിഷനു ജീവ കാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങുവാൻ പദ്

ധതികൾ ഇടരുതോ? പൊതുജനത്തിൽ നിന്നും പണം പിരിച്ചു പാവങ്ങളെ സഹായിക്കുവാൻ സാധിക്കുമോ?

**രാജു പി. മാത്യു - പത്തനാപുരം.**

● ന്യൂ വിഷൻ അനുകാലിക പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ ഉന്നത നിലവാരം പുലർത്തുന്നതിൽ സന്തോഷിക്കുന്നു. ഇന്ത്യയിലുള്ള സെമിനാരികളെക്കുറിച്ചുള്ള പഠന പാരമ്പര്യ ആവശ്യമാണു. ഏതു തരത്തിലുള്ള പട്ടക്കാരെയാണു ഈ സെമിനാരി രൂപാന്തരപ്പെടുത്തുന്നതു? എൻെറ സംഭാവന ഉടനെ അയച്ചു തരുന്നതാണു.

**- റവ. തോമസ് കെ. ഉമ്മൻ, ബാംഗ്ലൂർ.**

● ന്യൂ വിഷൻ വായിച്ചു. കൊള്ളാം. ഇന്നിൻെറ ആവശ്യമാണു. അഭിനന്ദകൾ.

**– വി. ജെ. മാർക്കോസു്, (റിട്ട-ഹെഡ്മാസ്റ്റർ) മുട്ടുചിറ**

[കത്തുകൾ പേജ് 23ൽ തുടരുന്നു]

വിദ്യാഭ്യാസത്തിന് ഒരു പാഠഭേദം

കാർട്ടൂൺ സമാഹാരം

പ്രൊഫ.വി.സി.ജോൺ

ജനജാഗ്രതി
പ്രസാധക സംഘം
പറവൂർ ആലപ്പുഴ
വില 6 രൂ

# Church of South India – A church going Global?

John T. Wattachanackal, MSW, MSIR, (Loyola, Chicago)

**(Part II)**

A session of the Ad-hoc Council of the CSI congregations of North America was subsequently held in Chicago on March 28, 1992 with proper notice and agenda. This meeting of the Ad-hoc Council was held in a tense situation as there was already warning in the air: "either accept this constitution today, or, you won't have council, and you won't be recognized as a CSI congregation!" At the same time, the Moderator's Representative (Bishop of Central Kerala Diocese) hastened to correct the contents of the Moderator's latest letter that was just released (January 1992) as well as a published official report of the December 1991 New York City meeting, claiming that it was a "misunderstanding'.

The March 1992 Ad-hoc Council itself was presided by the Moderator's Representative, buttressed by the presence, direction, and avowed support of the Moderator himself. Important democratic procedures were flaunted, and parliamentary procedures were discarded. Elected representatives of congregations were subjected to intimidation, and were forced to be quiet with ultimatums when some of the questions were raised. However, the Ad-hoc Council finally recommended a constitution for the Council of CSI Congregations in North America with the stipulation that it would be adopted only when approved by two third of the fifteen congregations.

It so happened that by the time the next meeting of the Ad-hoc Council (scheduled and notice given for July 19, 1992, the final day of the 1992 Annual CSI Family and Youth Conference held at Wheaton, Illinois), only six out of the fifteen congregations had given their partial approval for the proposed Constitution. Threats were made directly and indirectly from the very first day of the four constitution would not be endorsed to the Synod! The scheduled meeting of the Ad-hoc Council, which was to meet in the afternoon of the last day of the conference, a Sunday, ended in moments of high tension and futility. This was caused by the act of abandonment of the sheep by the chief shepherd! The Moderator's representative (Bishop), who was with the flock until after lunch that Sunday and the previous three days and nights, and one who preached, prayed, sung, celebrated the Holy Communion, and ate together, left the meeting premises, conveniently, and unnoticed by the Ad-hoc Council members while hey were made waiting for him at the appointed time at the adjacent building. Only after the lapse of about an hour, his delegates came and advised the waiting representatives, that the Moderator's representative left as he was disappointed at the lack of support for the proposed constitution!

Now, it is understood that in May 1993, the CSI Synod has decided that effective July 4, 1993 the CSI congregations in the USA and Canada will be under the direct relationship of the Moderator.

Having presented a brief account of the state of the CSI Congregations in the USA and Canada, one feels confident in stating that the CSI Congregations in the USA and Canada would wholeheartedly welcome any Bishop to their midst. This is so, because of the understanding of the very nature of CSI's founding principles,

by which the pastoral, evangelistic, and teaching functions of the bishop are stressed even above liturgical, disciplinary, and administrative duties. Also we are cognizant of the fact that here we have CSI members from all over South India (and also CNI members). Past practice shows that in selecting a Moderator's Representative for the CSI Congregations in North America, much preference was given to a particular region; this ought to change for the sake of unity among CSI members from all regions, and thus to strengthen the church. Also,, if the 1947 spirit of the CSI, and the subsequent suggestions of the Lambeth Conferences are to be heeded by way of affiliation or official relationship with a local church, it would be unjustifiable, discriminatory and psycho-socially inappropriate to maintain separate congregations for the many linguistic groups from India.

---

The author John T. Wattachanackal is a Psychiatric Social worker and Consultant; he has been a church leader in Chicago since 1973. If any clarification on the article is desired, Mr. Wattachanackal can be contacted through the Editor, New Vision. (Ed.)

---

കവിത

# കുടുംബം

*സി. എസ്. ജോർജ്*
*കോടുകുളഞ്ഞി*

കുടുംബം സ്വർഗ്ഗത്തിൽ നിന്ന്
ഒരു നാൾ അടർന്നു വീണ
സൗ ഭാഗ്യത്തിൻ ചെറുകക്ഷണം.
ഒടുവിലതു പൊട്ടി മുളച്ച്
ഒരുവൻ വൃക്ഷമായി പിന്നെ
അതിൽ പൂവായി കായ്യായി
വൃക്ഷ തൈകളായി
പടർന്ന് വലുതാകുന്നു
പല നിറത്തിൽ തരത്തിൽ
പല യിടങ്ങളിൽ

ബാല്യ കൗമാര ഇലകളുമായി
പിന്നെ വാർദ്ധ്യക്യത്തിൽ
മഞ്ഞ ചുമന്ന ഇലകളുമായി
ആവൃക്ഷം കാറ്റിൽ ഉലയുന്നു
അതിൽ ചുമന്ന ഇലകൾ കൊഴിയുന്നു.

ഇന്നു എന്തു പറ്റി ഈ സൗഭാഗ്യത്തിൻ
കഷണങ്ങൾക്കു, ഈ തൈകൾക്കു
നൻമ വിളയേണ്ട ഈ പാടങ്ങൾക്കു്
പറയുവാൻ ഒത്തിരി ഉണ്ടെങ്കിലും
ഇവിടെ ഒന്നേ പറയുന്നുള്ളൂ
കുടുംബം തകരുന്നു !
ആ വൃക്ഷ ചുവടുകളിൽ
കോടാലി ഓങ്ങും മനുഷ്യരും ഏറുന്നു
ഈ നൂറ്റാണ്ടിൽ പ്രതിഭാസമായി.

# സഭയും അധികാര വികേന്ദ്രീകരണവും

**മാത്യു ജിലോ നൈനാൻ,**
**മല്ലപ്പള്ളി.**

അധികാര കേന്ദ്രീകരണം, ആശയങ്ങൾ പ്രവർത്തിപഥത്തിൽ എത്തിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. അതുകൊണ്ടാണ് അധികാര വികേന്ദ്രീകരണത്തിലൂടെ ആശയങ്ങൾ പ്രവൃത്തി പഥത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കുന്നത്.

മദ്ധ്യകേരള മഹായിടവകയുടെ ഭരണപരമായ പല മേഖലകളിലും അധികാര വികേന്ദ്രീകരണം ആവശ്യമാണ്. അധികാരവികേന്ദ്രീകരണത്തിൻെറ അഭാവമാണ് പല ആശയങ്ങളും താഴത്തെ തട്ടിലേക്ക് വരുവാൻ തടസ്സമായിരിക്കുന്നത്.

ആദ്യമായി മഹായിടവകയുടെ ജില്ലാ കൗൺസിലുകളെ തന്നെ എടുക്കാം. ഇന്ന് ജില്ലാ കൗൺസിലുകൾക്ക് നാമമാത്രമായ അധികാരമേയുള്ളൂ. ജില്ലാ കൗൺസിലിന് ചെയർമാൻമാരെ മഹായിടവക അദ്ധ്യക്ഷൻ നിയമിക്കുന്ന രീതി മാറ്റി അതാത് ജില്ലയിലെ കഴി വുള്ളവരും പരിചയ സമ്പന്നരുമായ പട്ടക്കാരെ പ്രസ്തുത ജില്ലാ കൗൺസിൽ തെരഞ്ഞെടുക്കണം. ജില്ലാ കൗൺസിൽ രണ്ടു മാസത്തിൽ ഒരു പ്രാവിശ്യമെങ്കിലും സമ്മേളിക്കുകയും, വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുകയും അവ നടപ്പിലാക്കുകയും വേണം. ജില്ലയിലുള്ള സഭകളുടെ വളർച്ച, ഓരോ സഭകൾക്കും ലഭിക്കേണ്ട ഇടയ പരിപാലനം, സാമ്പത്തികമായി അച്ചനെ സന്ധിക്കുവാൻ കഴിവുള്ള ഉപസഭകളെ കണ്ടുപിടിച്ച് അവയെ ഇടവകയാക്കി ഉയർത്തുവാൻ ശുപാർശ ചെയ്യുക തുടങ്ങിയ കർത്തവ്യങ്ങൾ ജില്ലാ കൗൺസിലിൽ നക്ഷിപ്തമായിരിക്കണം. ജില്ലാ കൗൺസിൽ ചെയർമാൻമാരായി തെരഞ്ഞെടുക്കപ്പെടുന്ന പുരോഹിതൻമാർ നിർബന്ധമായും മഹായിടവക പാസ്റ്ററൽ ബോർഡിൽ അംഗങ്ങളാ യിരിക്കണം. എങ്കിൽ മാത്രമേ ഓരോ ജില്ലയിലേയും സഭയുടെ വളർച്ചയും അച്ചൻമാരുടെ കഴിവുകളും മനസ്സിലാക്കി സ്ഥലംമാറ്റം നിശ്ച്ചയിക്കുവാൻ സാദ്ധ്യമാവുകയുള്ളൂ. സാമൂഹ്യ സേവനം, ദുർബല ജനവിഭാഗങ്ങളുടെ പരിരക്ഷണം, പ്രകൃതി ക്ഷോഭങ്ങൾ നിമിത്തമുണ്ടാകുന്ന നാശ നഷ്ഠങ്ങളാൽ, വിഷമിക്കുന്ന ജന വിഭാഗങ്ങളെ സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക എന്നീ കാര്യങ്ങൾ സഭയുടെ ദൗത്യവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ജില്ലാ കൗൺസിൽ കാലാകാലങ്ങളിൽ ഇതേപ്പറ്റി ചർച്ച ചെയ്യുകയും തീരുമാനങ്ങൾ പ്രവൃത്തി പഥത്തിൽ കൊണ്ടുവരികയും ചെയ്യണം. ഈ സേവനങ്ങൾക്ക് വേണ്ടി മഹായിടവകയ്ക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം ലഭിക്കുന്നുവെങ്കിൽ ആവശ്യത്തിൻെറ അടിസ്ഥാനത്തിൽ അവ ജില്ലകൾക്ക് വീതിച്ചു നൽകേണ്ടതാണ്.

ആത്മായ സെക്രട്ടറി, വൈദീക സെക്രട്ടറി എന്നിവർ തെരഞ്ഞെടുക്കപ്പെടുന്നത് പോലെ മഹായിടവക

ട്രഷററും മൂന്നു വർഷത്തെ കാലാവധിയിൽ മഹായിടവക കൗൺസിലിനാൽ തെരഞ്ഞെടുക്കപ്പെടുന്ന ആളായിരിക്കണം. ഭാരിച്ച ജോലിയാണ് ഇന്ന് മഹായിടവക ട്രഷറാർക്കുള്ളത്. അദ്ദേഹത്തിന്റെ ജോലി ലഘൂകരിക്കുന്നില്ലെങ്കിൽ എത്ര സമർത്ഥനായ ആളായാലും കുറ്റമറ്റ രീതിയിൽ കാര്യങ്ങൾ നിർവഹിക്കുവാൻ സാധ്യമല്ലാതെ വരും. മഹായിടവകയുടെ പല കേസുകൾക്കും ട്രഷററെ മഹായിടവക പ്രതിനിധിയാക്കുന്ന രീതി മാറ്റി, ഒരു ലീഗൽ ആഫീസറെ ആ ചുമതല ഏൽപ്പിക്കണം. മഹായിടവക മുഖപത്രമായ ജ്ഞാന നിക്ഷേപത്തിന്റെ മുഖ്യ പത്രാധിപർ സ്ഥാനവും ഇന്ന് ട്രഷറാറാണ് വഹിക്കുന്നത്. അതിനാൽ ജ്ഞാന നിക്ഷേപം മറ്റു സഭകളുടെ മുഖപത്രത്തോടു കിടപിടിക്കത്തക്ക രീതിയിൽ പ്രസിദ്ധീകരിക്കുന്നുവെന്നു പറയുവാൻ സാദ്ധ്യമല്ല. **മഹായിടവക വാർത്തകൾ അറിയിക്കുന്നതിനോടൊപ്പം കാലികമായ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്ന മാസിക യാക്കി ജ്ഞാന നിക്ഷേപത്തെ മാറ്റിയാലെ ആഗോള തലത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ജനങ്ങൾ മനസ്സിലാക്കുവാനും സുവിശേഷ വത്ക്കരണത്തിന് പുതിയ പന്ഥാവുകൾ വെട്ടി തുറക്കുവാനും സാധ്യമാവുകയുള്ളൂ.** ഇതിനായി ദൈവ ശാസ്ത്ര വിഷയങ്ങൾ കൈകാര്യം ചെയ്യാനറിയാവുന്ന ഒരു പുരോഹിതനെയൊ, ആത്മായനെയൊ ജ്ഞാന നിക്ഷേപത്തിന്റെ മുഖ്യ പത്രാധിപരാക്കി പത്രാധിപ സമിതി പുനസംഘടിപ്പിക്കേണ്ട താണ്.

പുരോഹിതൻമാർക്കും സഭാ ശുശ്രൂഷകൻമാർക്കും സാമ്പത്തികം ഉള്ള ഇടവകയിൽ നിന്ന് നേരിട്ടും മറ്റുള്ളവർക്ക് മഹായിടവക ഓഫീസിൽ നിന്നും ശമ്പളം കൊടുക്കുന്ന രീതി കൊണ്ടു വരണം. ഇത് ഇടവകകൾ തമ്മിലും സഭാ ശുശ്രൂഷകർ തമ്മിലും ഐക്യം വർദ്ധിപ്പിക്കുന്നതിനു സഹായകമാവും.

**മഹായിടവക അദ്ധ്യക്ഷന്റെ അധികാരം കുറയ്ക്കേണ്ടതാവാശ്യമാണ്. മഹായിടവകയിലെ എല്ലാ സംഘടനകളുടെയും പ്രസിഡന്റ് ബിഷപ്പായിരിക്കണമെന്ന നിബന്ധന മാറ്റി മഹായിടവകയുടെ പ്രധാന സമിതികളായ എക്സിക്യൂട്ടീവ് കമ്മറ്റി, പാസ്റ്ററൽ ബോർഡ് തുടങ്ങിയവയുടെ മാത്രം അദ്ധ്യയക്ഷ സ്ഥാനം ബിഷപ്പ് വഹിച്ചാൽ മതി. മറ്റ് ബോർഡുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ അവരിൽ ഒരാളെ തന്നെ പ്രസിഡൻറും സെക്രട്ടറിയുമായി തെരഞ്ഞെടുക്കുകയുമാണഭികാമ്യം.** കോളേജുകളുടെ മാനേജർ സ്ഥാനം വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച ഒരാളിനെ ഏൽപ്പിക്കുന്നതാണ് ഉചിതം. ബിഷപ്പ് ബോർഡുകളുടെ പ്രവർത്തനം നിരീക്ഷിക്കുകയും ഓരോ ചുമതലയിൽ ഇരിക്കുന്നവർക്കു വേണ്ട ഉപദേശം നൽകുകയാണ് ചെയ്യേണ്ടത്. ഒരിക്കലും ബിഷപ്പിൽ അധികാരം കേന്ദ്രീകരിക്കാതെ അധികാരം പക്കുവെയ്ക്കുകയാണ് ചെയ്യേണ്ടത്. ഇടയൻ തന്റെ ആടുകളെ ശത്രുക്കളുടെ പക്കൽ നിന്ന് സംരക്ഷിക്കുകയും അവയെ വളർത്തിക്കൊണ്ടു വരികയും ചെയ്യുന്നതു പോലെ ആത്മീയ ഇടയനായ ബിഷപ്പ് ജനങ്ങളെ സംരക്ഷിക്കുന്നവനും അവരെ യേശു ക്രിസ്തുവിങ്കലേക്ക് നയിക്കുന്നവനായും ഇരിക്കണം.

മുകളിൽ പറഞ്ഞ രീതിയിൽ അധികാര വികേന്ദ്രീകരണം നടത്തുകയും ഒരോ സ്ഥാനത്തിരിക്കുന്നവരും അവരവരുടെ കർത്തവ്യങ്ങൾ ശരിയായി നിർവഹിക്കുകയും ചെയ്താൽ സഭ സാക്ഷ്യമുള്ളതാകും. എങ്കിൽ മാത്രമേ ആദിമ സഭയെപ്പോലെ പ്രതിസന്ധിയുടെയും പ്രയാസത്തിന്റേയും മദ്ധ്യേ നിന്ന് മനുഷ്യ സമൂഹത്തെ ദൈവരാജ്യ സ്ഥാപനത്തിനായി സജ്ജമാക്കുവാൻ സാധിക്കയുള്ളൂ.

## YOUNG VISION

# About Our Church

***Miriam P. Mathew***

The name of our chur h is C.S.I, Congregation, Chicago. It worship in Agape House, agape means "love" in German. It is located in the center of Chicago. Because of its location it is convenient for all the C.S.I, members in and around Chicago. This church is very convenient for us because on Saturdays, Sundays and in the summer it is always free for us, as it is a students church center for the University of Chicago circle campus ministry. We rent it from Lutheran Campus ministry. I remember that my Dad and Other members spent lots of late evenings and made lots of phone calls to find a church for morning service. By God's grace we were able to find a beautiful worship place. The service starts at 10.30 a.m. every Sunday. At 9.30 a.m. different sections Sunday School, bible study, and choir practise take place. After the service we have coffee hour and usually members celebrate their birthday or wedding anniversaries. For special Sundays we will have lunch served at this time. At present Rev. Vijay Kumar gives leadership to worship services. Before that our achens were Rev. Christopher Kurian, Rev. George Issac, Rev. K.K. Cherian. Last year Rev. K.C. Mathew was with us for a couple of months and gave excellent leadership. Even though we wanted him to stay longer he had to go to India. We miss him very much. This year Rev. A.C. Ommen visited our congregation during the months of February, March, and April. He gave great messages during Passion-week and Easter. The subject he chose for the retreat was suffering and healing ministries of church. There were special sessions for the youth. We

are blessed with joy of having the company of many different Achens, Bishops, and Moderators. We have an average of about 100 people for a service. The kids memorize bible verses and recite them during the church service most of my friends and I participate. We also get gifts at the end of the year for this. Year long we have different types of activities in our church. These are some of the activities: New Year, Palm Sunday, Good Friday, Easter Sunday, Mother's Day, Father's Day, V.B.S., Youth Sunday, Children Christmas Service and Carol Service on our Mother's Day. Every year we have a useful V.B.S. that runs for about a week which kids enjoy during fun projects. V.B.S usually ends with a Kid's favourite Pizza Party. We have at least one or two picnics every year. We cook barbecue and do fun activities. And contests for: Kid's Mother's and Father's running, jumping, baseball, tug-of-war, volley ball, bat-mintton, musical chairs, and steal the baconare some of the favourites. Some of the families attend the family and youth conference every year. It runs in the middle of July starting on Thursday ending on Sunday. Usually 300-500 people attend our conference from different parts of the United States of America. It is really fun and educating and a get together of relatives and friends. We can explore a University campus every year in a different city. This year it will be held in Dallas. It usually attract Bishop Mani from India and all other achens from the United States of America. It costs a lot of money that is why people don't attend every year. My most favourite is our churches annual retreat near lake Geneva. Wisconsin. We spend 2-3 days in Lutherdale retreat Center a country like atmosphere spreaded around the lake, approximately 50 acres of land. We have group discussion, prayer, and debates. We spend our free time by, going to the lake, boating, fishing, hiking, swimming and looking at the animals. At night we go and make a campfire. My friends and I look forward to this every year. We have a different topic and leader every year from out side other than our own achen. This retreat center is located in the state of Wisconsin about three hundred miles from our church. Our church members are very friendly to each other and we have at least one prayer meeting every month indifferent homes. We usually have our dinner at the house where the prayer meeting is held. Our apple picking and picnic is funny ad interesting. We usually drive to the state of Indian for the apple picking. We eat lots of apples and also pick lots of apples from a farm to take home and eat. I have lots of friends at my church. From our own Indian origin. My Dad told me that the church of South India spreads over South India and N. Sri Lanka. Most of our members are from the state of Kerala. Even at the annual conference I haven't seen many members other than from Kerala. I know my Dad spend lots of time over the phone solving church problems. I used to ask him why there are problems in the church. Church is supposed to be God's place. We pray everyday for our church. I'm sure God will keep our church growing for his glory. ●

## My Little Sister



I have a litte sister
who is very cute
Sometimes she comes and disturbs me
in my studies
And when I tell her not to disturb me,
She starts to fight with me.
And when my mother scolds her,
She becomes a little devil
And even if I make her play with me,
She starts to cry very loudly
And even though she troubles me so much
I love her very much.

**Rachel Philip**

(Written by: A seven-year-old elder sister about her 3 year old younger one).

## A CREED

We believe in the God of love,
who calls us to reject all idols
and who seeks a deep communion
with us.

We believe in the God of creation
who calls us into partnership
in shaping the future
in justice, peace and joy.

We believe in the God who is not remote
but who is immersed
in the life of this world
sharing its hope
and feeling its pain.

We believe in the God who identifies
with the poor and the oppressed
and those who long for faith
and who calls us to stand with them.

We believe in the God whose love is vulnerable
whose heart is aching
and whose convenant with all people
and creation, is unshakeable.



# "പുതിയ നൂറ്റാണ്ടിൽ സഭയുടെ ദൗത്യം നിർവഹിക്കപ്പെടുവാൻ നാം ഇനിയും സ്നേഹവും കരുണയുമുള്ളവരായിരിക്കണം."

ബിഷപ്പ് സാം മാത്യു

**"മനുഷ്യാ, നല്ലത് എന്തെന്ന് അവൻ നിനക്ക് കാണിച്ചു തന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും, ദയാതൽപ്പരനായിരിപ്പാനം നിൻെറ ദൈവത്തിൻെറ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു നിന്നോടു ചോദിക്കുന്നത്." മീഖ. 6:8**

അഭിവന്ദ്യ മോഡറേറ്റർ തിരുമേനി. വന്ദ്യ തിരുമേനിമാരേ, ബഹുമാന്യരായ അച്ചൻമാരേ, പ്രിയപ്പെട്ട സഭാ ശുശ്രൂഷകരേ, സ്നേഹമുള്ള ദൈവജനമേ !

ദക്ഷിണേന്ത്യാ സഭയിലെ 21 മഹായിടവകകളിൽ എന്തുകൊണ്ടും അതിപ്രധാനമായ ഒരു സ്ഥാനം മദ്ധ്യ കേരള മഹായിടവകയ്ക്കുണ്ടു. മിഷണറിമാരാൽ സ്ഥാപിതമായ ഈ മഹായിടവകയിലെ ബിഷപ്പായി നിയോഗിക്കപ്പെട്ടതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ദൈവം യോഗ്യൻമാരെയല്ല വിളിക്കുന്നത്. ബലഹീനതമാത്രം കൈമുതലായ എന്നെ സർവ്വ ശക്തിയുമുള്ള ദൈവം ബലപ്പെടുത്തും എന്നു വിശ്വസി ക്കുന്നു. സഭ ദൈവത്തിൻെറ വകയാണ്. കാലാകാലങ്ങളിൽ അതിന് നേതൃത്വം നൽകുവാനുള്ളവരെ ദൈവം തന്നെ തെരഞ്ഞെടുക്കുന്നു. ദൈവത്തിൻെറ മുൻ നിർണ്ണയ പ്രകാരമാണ് ഈ സ്ഥാനത്ത് ഇരിക്കുന്നത് എന്നു എനിക്കു പൂർണ്ണ ബോധ്യം ഉണ്ടു. ദൈവത്തോടും മനുഷ്യനോടുമുള്ള കടമ ഞാൻ നിറവേറ്റുവാൻ ശ്രമിക്കും. വിളിച്ചവനായ ദൈവം വിശ്വസ്തൻ; ജീവ പര്യന്തം അവൻ വഴി നടത്തും എന്നു ഉറച്ചു വിശ്വസിക്കുന്നു. ഈ സ്ഥാനത്തേക്ക് എന്നെ വിളിച്ച വലിയവനായ ദൈവത്തിനു സ്തോത്രം അർപ്പിക്കുന്നു.

ഈ സന്ദർഭത്തിൽ, തിരുവതാംകൂർ-കൊച്ചി ആംഗ്ലിക്കൻ മഹായിടവക്കും അതിൻെറ പിൻതുടർച്ചയായ മദ്ധ്യകേരള മഹായിടവകക്കും നേതൃത്വം നൽകിയ അഭിവന്ദ്യ തിരുമേനിമാരും മിഷ്യനറിമാരേയും കൃതജ്ഞതയോടെ സ്മരിക്കുകയും അവരുടെ സേവനങ്ങൾക്കായി ദൈവത്തെ മഹത്തപ്പെടുത്തുകയും ചെയ്യുന്നു. ത്യാഗ നിധികളായ മിഷനറി ബിഷപ്പുമാർ ഇവിടെ അനുഷ്ടിച്ച സേവനങ്ങൾ മഹനീയവും അവിസ്മരണീയവും മാണ്. (ബിഷപ്പുമാരായ സ്പ്ീച്ചിലി, ഹോഡ്ജസ്, ഗിൽ, മൂർ, കോർഫീൽഡ് എന്നീ തിരുമേനി മാരുടെ അമൂല്ല്യ സേവനങ്ങളെ സ്തോത്രത്തോടെ സ്മരിക്കുന്നു.)

ആംഗ്ലിക്കൻ സഭയിലെ കേരളിയനായ പ്രഥമ ബിഷപ്പ് ആണല്ലോ സർവ്വാദരണീയനായ ബിഷപ്പ് ജേക്കബ് തിരുമേനി, അദ്ദേഹമാണ് എനിക്കു സ്ഥിരീകരണം നൽകിയത്. എന്നെ വളരെ സ്നേഹിക്കുകയും കരുതുകയും ചെയ്ത അഭിവന്ദ്യ ജോൺ തിരുമേനി യിൽ നിന്നാണു ദിയാക്കോൻ സ്ഥാനവും പ്രസ്ബീറ്റർ സ്ഥാനവും ലഭിച്ചത്. തിരുമേനി നൽകിയ പ്രാത്സാഹനം മറക്കാനാവില്ല. മഹായിടവകയുടെ ഭരണ പരമായ കാര്യങ്ങളിലേക്ക് എന്നെ കൈപിടിച്ചാനയിച്ച വേണ്ട ഉത്തേജനം നൽകിയ സ്നേഹ നിധിയായ അഭിവന്ദ്യ ജോസഫ് തിരുമേനിയെ അഞ്ജലീ ബദ്ധനായീ സ്മരിക്കുന്നു. അഭിവന്ദ്യ മാണി തിരുമേനി എന്നും എനിക്ക് ഒരു ജേഷ്ഠ സഹോദരനെപ്പോലെ ആയിരുന്നു. അദ്ദേഹത്തോടപ്പം പട്ടക്കാരനായി, ഖജാൻജിയായും സെക്രട്ടറിയായും എല്ലാം സേവനം ചെയ്യുവാൻ എനിക്കു അവസരം ലഭിച്ചിട്ടുണ്ടു. ഈ തിരുമേനിമാരെയെല്ലാം എൻെറ ഇത: പര്യന്തമുള്ള ജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുള്ളവരാണ്.

ഈ അവസരത്തിൽ, വാത്സല്ല്യ നിധികളായ എൻെറ മാതാപിതാക്കളെ സ്നേഹാദരപൂർവ്വം അനുസ്മരിക്കുന്നു. നമ്മുടെ മഹായിടവകയുടെ തെക്കേ കോണിൽ, ഒരു നൂറ്റാണ്ടിനു മുമ്പ് പരിഷ്ക്കാരത്തിൻെറ വെളിച്ചം എത്തിനോക്കിയിട്ടില്ലാത്ത അടൂർ കേന്ദ്രമാക്കി ആരംഭിച്ച അടൂർ മിഷ്യനിലെ ആദ്യകാല മിഷനറിമാരായ പിതാമഹൻമാരുടെ ത്യാഗ നിർഭരമായ സേവനങ്ങളെപ്പറ്റി ഓർക്കാതിരിക്കാൻ സാദ്ധ്യമല്ല. ധനസമ്പാദന മാർഗ്ഗങ്ങൾ തേടിപ്പോകാതെ സുവിശേഷ ദൗത്യവുമായി ഇറങ്ങിപുറപ്പെട്ട ഒരു കുടുംബത്തിലെ അംഗമെന്ന നിലയിൽ ഞാൻ അഭിമാനപുളകിതനാകുന്നു. ദളിത് വിഭാഗത്തിൽ പ്പെട്ട സഹോദരങ്ങളുടെ ഇടയിൽ അവരോടൊത്തു ബാല്യ കൗമാരങ്ങൾ ചെലവഴിക്കുവാൻ ഇടയായത് വലിയ ഒരു ജീവിതാനുഭവമായി കരുതുന്നു. ത്യാഗ നിധികളായ മാതാപിതാക്കളുടെ കണ്ണുനീരിൻെറയും പ്രാർത്ഥന

യുടെയും ഫലമാണ് ഞങ്ങൾ അനുഭവിക്കുന്ന അനുഗ്രഹങ്ങൾ എന്ന കാര്യം വിസ്മരിക്കുന്നില്ല. സംപൂജിതരായ അവരെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

നമ്മുടെ മദ്ധ്യകേരള മഹായിടവക പലതുകൊണ്ടും അതുല്യമാണ്. ഏതാണ്ട് 13ൽ പരം വ്യത്യസ്ത പാരമ്പര്യങ്ങളിൽ നിന്നു കൂട്ടിചേർക്കപ്പെട്ട ജനങ്ങൾ അടങ്ങിയ ഒരു മനോഹര മഞ്ജരിയാണത്. പൂക്കുലയുടെ ഭംഗി പൂക്കളുടെ സംയോജനമാണല്ലോ. പൂക്കുലയിൽ ചില പൂക്കൾ വലുതും ചിലതു ചെറുതും ചിലത് ഘനമുള്ളതും ചിലത് ഘനമില്ലാത്തതും ഒക്കെയായിരിക്കാം. എന്നാൽ പൂക്കുലയെ സംബന്ധിച്ചിടത്തോളം ഓരോ പൂവും അതിപ്രധാനമാണു. അതിലൊരു പൂവിന്പോലും ചതവോ മുറിവോ പറ്റിയാൽ പൂക്കുലയുടെ ഭംഗി നഷ്ടപ്പെടും. മറ്റുള്ളവരുടെ കണ്ണുകൾക്കു കുളിർമ പകരുന്നതിന്പകരം അരോചകമായിത്തീരും. നമ്മുടെ മഹായിടവകയാകുന്ന മനോഹര മഞ്ജരിയുടെ ഭംഗിയും സൗരഭ്യവും നഷ്ടമാകാതെ അതിനെ പരിരക്ഷിക്കുവാനുള്ള ചുമതല നമുക്കേവർക്കും ഉള്ളതാണ്. മഹായിടവക ആകുന്ന തോട്ടത്തെ പരിചരിക്കുന്ന ഒരു നല്ല തോട്ടക്കാരനായിരിക്കുവാൻ ഞാൻ പരമാവധി ശ്രമിക്കുന്നതാണ്. അതിനു ദൈവം കൃപ ചെയ്യട്ടെ. വലിയ കഴിവുകളൊന്നമില്ലാത്ത എനിക്ക് സഭക്ക് നൽകുവാൻ വിയർപ്പും ആത്മാർത്ഥമായ മനസ്സും മാത്രം.

സഭയ്ക്കും അതിൻെറ താൽപര്യങ്ങൾക്കുമാണ് നാം പ്രഥമ സ്ഥാനം നൽകേണ്ടത്, വ്യക്തി താൽപര്യങ്ങൾ സഭയ്ക്കു ആപത്താണ്. കർത്താവിൻെറ ശരീരമാകുന്ന സഭയുടെ കാവൽക്കാരായിട്ടാണു ദൈവം നമ്മെ വിളിച്ചാക്കിയിരിക്കുന്നത്. സഭയിൽ നിന്നും നമുക്ക് എന്തു കിട്ടും എന്നല്ല നാം ചിന്തിക്കേണ്ടത്. എൻെറ പ്രിയ സഭാ വിശ്വാസികളോടു എനിക്കു പറയുവാനുള്ളത്, "സഭയിൽ നിന്ന് എനിക്ക് എന്തു കിട്ടും എന്നു നിങ്ങൾ ചോദിക്കരുത്, സഭക്കുവേണ്ട എനിക്ക് എന്തു ചെയ്യുവാൻ കഴിയും എന്നാണു ചോദിക്കേണ്ടത്." മുറിവുകളെ ഗണ്യമാക്കാതെ പോരാടുവാനും സ്വസ്ഥതക്കായി കാംക്ഷിക്കാതെ അദ്ധ്വാനിപ്പാനും യാതൊരു പ്രതിഫലവും ഇശ്ച്ഛിക്കാതെ പ്രവർത്തിപ്പാനും ദൈവയിഷ്ഠം ചെയ്യുന്നു എന്നതിനു പരിയായി ഒന്നും പ്രതീക്ഷിക്കാതെ പ്രവർത്തിക്കുവാനും നമുക്കൊരുങ്ങാം.

ദൈവജനത്തെ വിമർശിച്ചു കൊണ്ടു പ്രത്യാശയുടെ വചനങ്ങൾ വളരെ ശക്തമായി ഉത്ഘോഷിച്ച പ്രവാചകനാണ് മീഖാ. ശാന്തിയും സമാധാനവും ഐശര്യവും ദൈവജനത്തിനുണ്ടാകുമെന്നു തന്നെയാണു മീഖ പ്രവാചകൻെറ പ്രത്യാശ. ഇതു തന്നെയാണു ഇന്നു നമ്മുടേയും പ്രത്യാശ. ഈ പ്രത്യാശ സഫലീകരിക്കുന്നതിനു എന്തുചെയ്യണമെന്നു കൂടി പ്രവാചകൻ ചൂണ്ടിക്കാണിക്കുന്നു അതിനുള്ള ഉപാധികൾ ഏവയാണന്നും പ്രവാചകൻ തന്നെ പ്രസ്താവിച്ചു. ദൈവം കാണിച്ചു തന്നിട്ടുള്ളവ തന്നെയാണ് അവ. നന്മ ചെയ്യുക എന്നതാണ് പരമ പ്രധാനം. സർവ്വർക്കും നന്മ ചെയ്യുക എന്നത് തന്നെ; എന്താണ് നന്മ എന്ന് ദൈവം പറഞ്ഞ് തന്നിട്ടുണ്ട്.

നന്മ ചെയ്യുമ്പോൾ മൂന്ന് കാര്യങ്ങൾ മനസ്സിൽ വെച്ചുകൊള്ളണമെന്നാണ് പ്രവാചകൻ നിഷ്കർഷിച്ചിരിക്കുന്നത്. ഒന്നാമതായി; നീതി പാലിക്കുക, ന്യായം പ്രവർത്തിക്കുക, രണ്ടാമതായി; നിത്യം സ്നേഹിക്കുക, കരുണ കാണിക്കുക. മൂന്നാമതായി; ദൈവ മുമ്പാകെ വിനീതനായി ചരിക്കുക.

ഈ മൂന്നു കാര്യങ്ങളും ഒരുപോലെ പ്രധാനമാണു. ശാന്തിയും സമാധാനവും ഐശ്വര്യവും കൈവരിക്കുന്നതിനുള്ള ഉത്തമപ്രമാണങ്ങളാണിവ.

എന്താണ് നീതി? ഇതു നമ്മെ അലട്ടുന്ന ഒരു ചോദ്യമാണു മിഷ്യനറി പാരമ്പര്യത്തിൽ വളർന്ന ഈ സഭയുടെ വേരുകൾ തേടുമ്പോൾ നാം ചെന്നെത്തുന്നത്, നീതിക്കുവേണ്ടി സഭയുറച്ചു നിന്ന ഒരു കാലഘട്ടത്തിലാണു.സഭ എന്നും നീതിക്കുവേണ്ടി, സത്യത്തിനുവേണ്ടി, ന്യായത്തിനു വേണ്ടി ഉറച്ചു നിൽക്കണം അല്ലങ്കിൽ അത് ആപത്താണ്.

നീതി മനുഷ്യർ ചോദിച്ചു വാങ്ങേണ്ട ഒന്നായിട്ടല്ല മിഷനറിമാർ കരുതിവന്നതു. മനുഷ്യൻെറ അവകാശമാണ് അതെന്നായിരുന്ന മിഷനറിമാരുടെ പക്ഷം. നീതി നടപ്പാക്കുന്നതിന് ആ വന്ദ്യ വൈദേശിക മിഷനറിമാർ ചെയ്തത്, വേദപുസ്തകത്തിൻെറ ഉള്ളറകളിലേക്കു സാധാരണക്കാരെ പ്രവേശിപ്പിക്കുക എന്നതായിരുന്നു. നീതി നടപ്പാക്കുന്നതിന് വേണ്ടി അവർ വേദപുസ്തകത്തിന് പുനർ വായന നടത്തി. അതോടു കൂടി ക്രിസ്തീയ സിദ്ധാന്തങ്ങൾ പലതും പുനർ വ്യാഖ്യാനിക്കപ്പെട്ടു. മനുഷ്യൻെറ ആളത്വത്തെ ബന്ധിച്ചിരുന്ന വിലങ്ങുകൾ അഴിക്കപ്പെട്ടു, മനുഷ്യർ സ്വാതന്ത്ര്യം അനുഭവിച്ചു, ബുദ്ധി വികാസം ഉണ്ടായി. മനസ്സിൻെറയും ബുദ്ധിയുടെയും, ആത്മാവിൻെറയും വളർച്ചയ്ക്കു സ്വാതന്ത്ര്യത്തിൻെറ കവാടങ്ങൾ തുറക്കപ്പെട്ടു. മിഷനറിമാരുടെ അടിമത്തത്തിനെതിരായ വിളംബരവും, വിശ്വാസാചാരങ്ങളും സാമൂഹ്യ പരിഷ്ക്കാരങ്ങളും ഈ നാട്ടിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി. ആ പരിവർത്തനത്തിൻെറ ഗുണഭോക്താക്കളാണ് നമ്മുടെ പിതാക്കന്മാരും നാം ഓരോരുത്തരും നമ്മുടെ പിതാക്കന്മാരെപ്പോലെ നാമും നീതിയുടെ ഗുണഫലങ്ങൾ അനുഭവിക്കണം. വരും തലമുറകളും അനുഭവിക്കണം. അനുഭവിക്കും എന്നതാണ് മീഖാ പ്രവാചകൻ തരുന്ന ഉന്നതമായ പ്രത്യാശ. മനുഷ്യത്വത്തിൽ നാം ഊന്നി നിൽക്കണം. മനുഷ്യൻെറ ആളത്വത്തിൻെറ ഉന്നത തലമാണു നാം അന്വേഷിക്കുന്നത്. അതു മുന്നിൽ കണ്ടു കൊണ്ടു ചൂഷിതരും പീഢിതരുമായ ജനതയുടെ ഉന്നമനമാണു നീതി

നിർവഹണത്തിൽ കൂടി കൈവരിക്കേണ്ടതെന്നു പറയട്ടെ. സഭയിൽ അംഗങ്ങളായ ദളിത് വിഭാഗവും പരമ്പരാഗതമായി അവസരങ്ങളനുഭവിക്കുവാൻ ഇടയായ വിഭാഗവും ഒരുപോലെ നീതിക്കർഹരാണു. ചരിത്രത്തിൽ പ്രവർത്തിക്കുന്ന കർത്താവു നീതി നടത്തുന്നവനും അങ്ങനെ എല്ലാവരെയും വിമോചിപ്പിക്കുന്നവനുംമാണ്. പ്രവാചകൻ ഒരു മുന്നറിയിപ്പ് തന്നിട്ടുണ്ടു. നീതി നടപ്പാക്കുന്നില്ലെങ്കിൽ വലിയ വിപത്ത് ഉണ്ടാകുംമെന്നാണു മീഖ തന്നിരിക്കുന്ന മുന്നറിയിപ്പ്. ഈ മുന്നറിയിപ്പു നാം ഗൗരവമായി തന്നെ കണക്കിലെടുക്കണം. മീഖാ ചൂണ്ടികാണിച്ച പ്രത്യാശ സഫലമാകുന്നതിന് ഈ മുന്നറിയിപ്പ് നാം ഗൗരവമായി എടുത്തേ മതിയാകൂ.

മനുഷ്യനോടു നീതി പുലർത്തണമെന്നു പറയുമ്പോൾ മനുഷ്യരുടെ വ്യത്യസ്ഥമായ ചിന്തകളോടും വൈവിധ്യമായ പ്രവർത്തികളോടും നീതി പുലർത്തണം. മാത്രമല്ല മനുഷ്യരുടെ എല്ലാവിധ അഭിപ്രായങ്ങളും ആഗ്രഹങ്ങളോടും ആശയങ്ങളോടും പ്രതീക്ഷകളോടും നീതി പുലർത്തണം. വ്യത്യസ്ഥമായ ചിന്തകളും അഭിപ്രായങ്ങളും മനുഷ്യരെ വേവ്വേറെ തട്ടുകളിൽ ആക്കിയെന്നു വരാം എന്നാൽ അവയെല്ലാം മനസ്സിലാക്കുന്നതിൽ കൂടിയാണ് നമ്മൾ അവരോടു നിതി പുലർത്തുന്നത്. ക്രിസ്തുവിൽ വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളക എന്നാണല്ലോ നാം മുറുകെ പിടിക്കേണ്ട പ്രമാണം. ഒരു പുതുയുഗമാണ് നമ്മുടെ മുമ്പിലുള്ളത്. നമ്മൾ ഒരു പുതിയ നൂറ്റാണ്ടിൽ പ്രവേശിക്കയാണല്ലോ. ഈ നൂറ്റാണ്ട് നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണു.

ദൈവനീതിയെ നശിപ്പിക്കാൻ മനുഷ്യന്റെ ഉള്ളിൽ നിന്നും പുറപ്പെടുന്ന ഒന്നാണ് സ്വയനീതികരണം. എന്നത്. നമ്മുടെ അഭിപ്രായങ്ങളും അഭിപ്രായ പ്രകടനങ്ങളും സ്വയ നീതികരണത്തിന്റെ ലക്ഷണങ്ങളായിക്കൂടാ.

നീതി ലക്ഷ്യമായുള്ള സ്വാതന്ത്ര്യത്തിന്റെ വികാസം സാമ്പത്തിക ഉന്നമനം, എന്നിവ സഭയിലും സമൂഹത്തിലും പ്രധാനമാണ് മനുഷ്യരുടെ ഭാവമുള്ള ശാസ്ത്ര രംഗങ്ങളുടെ വളർച്ചയുംനീതി കൈവരിക്കുന്നതിന്റെ അടയാളമാണ് നീതി നിഷേധിക്കുന്ന ശക്തികൾ എന്നം സമൂഹത്തിലുണ്ടു. ഇന്നും അതു നിഷേധിക്കാനാവില്ല. കുരിശാലൂടെ അധമശക്തികളെ എല്ലാം ക്രിസ്തു നിരായുധരാക്കി. അതിനുവേണ്ടി ക്രിസ്തു സ്വീകരിച്ചത് കഷ്ടപാടുകളാണ്, നിന്ദിക്കുന്നവരേയും പഴിക്കുന്നവരേയും, ഉപദ്രവിക്കുന്നവരെയും എല്ലാം സ്നേഹത്തിന്റെയും ക്ഷമയുടെയും ത്യാഗത്തിന്റെയും മാർഗ്ഗത്തിൽക്കൂടിയാണ് ക്രിസ്തു നേരിട്ടത്.

ഇന്നു നാം അവലംബിക്കേണ്ടത് ഈ മാർഗ്ഗമാണു സ്നേഹത്തിന്റെയും ക്ഷമയുടെയും ത്യാഗത്തിന്റെയും മാർഗ്ഗം. നമുക്കു ശത്രുക്കളില്ല. നമ്മെ അനുകൂലിക്കുന്ന സ്നേഹിതരും നമ്മെ അനുകൂലിക്കാത്ത സ്നേഹിതരുമാണു നമുക്കുള്ളത്. നമ്മെ വിമർശിക്കുന്നവരെ, നമ്മുടെ ആശയങ്ങളോടു യോജിക്കാത്തവരെ നാം ഭയപ്പെടേണ്ടതില്ല. അവരെ സ്നേഹത്തോടെ വീക്ഷിക്കുവാനും, അവരുടെ വിമർശനങ്ങളോടു ക്രിയാത്മകമായി പ്രതീകരിക്കുവാനും നമുക്കു കഴിയണം.

മഹാനായ എബ്രഹാം ലിങ്കൺ ഒരിക്കൽ പറഞ്ഞു "Iam going to destroy my enemies" എങ്ങനെ എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി "Iam going to destroy my enemies by making them friends" എന്നാണു. മിത്രങ്ങളാകുന്നതിൽ കൂടി ശത്രുക്കളെ ഇല്ലായ്മ ചെയ്യുവാൻ നമുക്ക് കഴിയും.

മനുഷ്യൻ അവൻ ജീവിക്കുന്ന സമൂഹത്തോടും, പ്രകൃതിയോടും, ദൈവത്തിന്റെ സൃഷ്ടിയോടു മുഴുവനും, പ്രതിബദ്ധതയുണ്ടു, ചേതനവും, അചേതനവുംമായ എല്ലാറ്റിനും നീതിക്ക് അവകാശമുണ്ട് അത്യാധുനിക സാങ്കേതിക ശാസ്ത്രശക്തികൾ സൃഷ്ടിയെ സംഹരിക്കാതിരിക്കുന്നതിനുവേണ്ടി നമ്മൾ പ്രകൃതിയോടുള്ള നമ്മുടെ പ്രതിബദ്ധത കൂടുതൽ ഉറപ്പിക്കണം. ശാസ്ത്രത്തെ വിവേകശൂന്യമായി കയ്യാളുന്ന മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയോടു നീതി പുലർത്തുകയല്ല ചെയ്യുന്നത്. ന്യായത്തിനു വേണ്ടി എവിടെയും നിൽക്കുക എന്നുള്ളത് സഭയുടെ ദൗത്യമാണ്, ചുമതലയാണ്.

മീഖാ പ്രവാചകൻ യഹൂദയിലെ ദൈവ ജനങ്ങൾക്കുഭാവിയെപ്പറ്റി പ്രത്യാശ നൽകുമ്പോൾ അവർ സ്നേഹവും കരുണയും ഉള്ളവരായിരിക്കണമെന്നു നിഷ്കർഷിച്ചു വല്ലോ. സ്നേഹിക്കുക എന്നു ആഹ്വാനം ചെയ്യപ്പോൾ നിത്യമായി സ്നേഹിക്കേണം എന്നുറപ്പിച്ചു പറയുകയുണ്ടായി. (Constant love), സ്നേഹവും കരുണയും കളങ്ക രഹിതമായിരിക്കണം, സർവ്വ ജനങ്ങളോടുമുള്ളതായിരക്കേണം. സർവ്വരേയും സർവ്വത്തേയുമാണു സ്നേഹിക്കേണ്ടത്. വിഭിന്നങ്ങളായ ആശയങ്ങളെ സമന്വയിപ്പിച്ചു വേണം സ്നേഹിക്കുവാൻ. ചർച്ചകളിൽ കൂടിയും സംവാദങ്ങളിൽ കൂടിയും വേണം വിഭിന്നങ്ങളായ ആശയങ്ങളെ സമന്വയിപ്പിക്കുവാൻ. നേതൃത്വം സമചിത്തത പാലിക്കണം. നേതൃത്വം ക്ഷമാശീലം ഉള്ളതായിരിക്കണം. Conference is better than combat എന്നാണല്ലോ ചരിത്രം പഠിപ്പിച്ചിരിക്കുന്ന പാഠം.

സഭയുടെ ദൗത്യം സഭയുടെ ആരാധനാ സമൂഹത്തോടു മാത്രമല്ല. സഭയുടെ ദൗത്യം സർവ്വ ജനത്തോടുമാണു. ഇന്ത്യയിലെ ബഹുമത ദേശീയ സംവിധാനത്തിൽ ക്രിസ്തീയ സഭ ജീവിക്കുന്നു. തെന്നിന്ത്യ സഭ പോലുള്ള ദേശീയ സഭയ്ക്കു സർവ്വ ജനത്തോടുമുള്ള ദൗത്യം പരമ പ്രധാനമാണെന്ന് ഈ അവസരത്തിൽ എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സർവ്വ ജനത്തോടുമുള്ള സ്നേഹം സഭ വെളിപ്പെടുത്തി കൊടുക്കണം. യഹൂദനെന്നോ യവനനെന്നോ, ഹിന്ദുവെന്നോ, മുസൽമാൻ എന്നോ വ്യത്യാസം ഇല്ലാതെ സഭ ആ സ്നേഹം വെളിപ്പെടുത്തികൊടുക്കുവാൻ കടപ്പെട്ടവരാണ്.

മനുഷ്യർക്ക് മതങ്ങളിൽക്കൂടി ദൈവത്തോടുണ്ടായിരിക്കേണ്ട ബന്ധം ബലഹീനമായിത്തീരുകയും മതങ്ങളിൽ സ്നേഹവും കരുണയും വറ്റിപോവുകയും ചെയ്യുന്ന അവസരങ്ങളുണ്ടു. മതത്തിന്റെ ശക്തികൾ രാഷ്ട്രീയവൽക്കരിക്കപ്പെടുകയും കൂടി ചെയ്യുമ്പോൾ മത മൗലികത്വം വളരും. രാഷ്ട്രീയ തലത്തിൽ സ്നേഹവും നീതിയും വളരുമ്പോൾ മതേതരത്വം ശക്തി പ്രാപിക്കും. രാഷ്ട്രീയത്തിനു ആത്മീയ മാനം ഉണ്ടായിരിക്കണം. സഭയുടെ ഉൾജീവിതത്തിലെ അടിസ്ഥാന പ്രമാണങ്ങൾ ദൈവനീതിയുടെ പ്രമാണങ്ങളാണ്. വിശാല സമൂഹത്തിന്റെ പരിവർത്തന പ്രക്രിയകളെ സ്വാധീനിക്കാൻ അവയ്ക്കു കഴിയണം.

മതങ്ങളിലെ ആത്മീയത ബലഹീനമാകുകയും , മതങ്ങളുടെ ശക്തികൾ രാഷ്ട്രീയവൽക്കരിക്കപ്പെടുകയും ചെയ്യുമ്പോഴാണ് മത മൗലീകത്വം പ്രത്യക്ഷപ്പെടുന്നത്. മത മൗലികത്വമുള്ളിടത്ത് മീഖാ പ്രവാചകൻ പ്രസ്താവിച്ച സ്നേഹവും കരുണയും ഇല്ലായിരിക്കും. പ്രവാചകൻ കാണിച്ചു തന്ന പ്രത്യാശ സഫലീകരിക്കുവാൻ സാധിക്കാതെ വരുകയും ചെയ്യും.ഏതു ദൈവ ശാസ്ത്രവും സ്വകീയ താൽപര്യങ്ങൾക്കു അധീനപ്പെട്ടു വിരൂപമാക്കപ്പെടാവുന്നതാണ് സ്നേഹം, സാർവ്വത്രീക മനുഷ്യത്വം, മനുഷ്യ വർഗ്ഗത്തിന്റെ ഏകത്വം എന്നീ ലക്ഷ്യങ്ങൾ മനസ്സിൽവെച്ചു സർവ്വ ജനങ്ങളോടും മതങ്ങൾ ദൗത്യം നിറവേറ്റുമ്പോൾ മത മൗലീകത ഇല്ലാതവരും, ഇന്ത്യൻ ദേശീയതയുമായി അലിഞ്ഞു ചേർന്ന ഒരു ദേശീയ സഭയാണു തെന്നിന്ത്യ സഭ. സ്നേഹത്തിന്റെ ആത്മാവിൽ ഐക്യമത്യത്തോടുകൂടി നമ്മുടെ മഹായിടവകക്ക് വളരുവാൻ കഴിയണം.

മീഖാ പ്രവാചകൻ മൂന്നാമതായി നിഷ്ക്കർഷിച്ചിരിക്കുന്നതും വിനീതനായി ചരിക്കുക എന്നതാണ്. ഈ മൂന്നുമല്ലാതെ കർത്താവു മറ്റെന്താണ് ആവശ്യപ്പെടുന്നത് എന്നു പ്രവാചകൻ ചോദിക്കുന്നു. വിനീതനായി നടക്കേണ്ടത് ദൈവ സന്നിധിയിലാണ്. ദൈവ സന്നിധിയിൽ വിനീതനായി നടക്കുമെന്നുള്ളതിനു സംശയമില്ല. വിനിതമായി ചരിക്കണമെങ്കിൽ ദൈവവുമായി അറ്റുപോകാത്ത, അഭേദ്യമായ കൂട്ടായ്മ ഉണ്ടായിരിക്കണം. ചുമതലകൾ ഏറ്റെടുക്കുന്നയാൾ കൊള്ളാവുന്നവനായി ദൈവം കണക്കാക്കണമെങ്കിൽ അയാൾ വിനീതനായിരിക്കണം. വിനീതനായി ചരിക്കുന്നതിനു അയാൾ കഷ്ടതകൾ സഹിപ്പാൻ തയ്യാറായ ദാസനായിരിക്കേണം. യേശു കാണിച്ചു തന്നതും അതാണ് പീഡനങ്ങൾക്കു വിധേയനാകുമ്പോൾ സഹിഷ്ണതയോടുകൂടെ, സമ ചിത്തത കൈവെടിയാതെ ദൈവത്തോടു കൂട്ടായ്മ പാലിക്കണം. ഇത് നമ്മുടെ ജീവിത ശൈലിയായിത്തീരണം. ഇതല്ലാതെ മറ്റെന്താണ് യഹോവ നമ്മോടു ചോദിക്കുന്നത്!

സീയോൻ മഹത്വ പൂർണ്ണമാകുമെന്നാണ് മീഖായിൽ കൂടി ഉണ്ടായ വാഗ്ദത്വം. മഹത്വ പൂർണ്ണമായ ഒരു ഭാവിയാണ് നമ്മുടെ പ്രത്യാശ. നമ്മുടെ സഭയുടെയും, സഭ ജനങ്ങളുടെയും ആ പ്രത്യാശ സഫലമാകുന്നതിനുള്ള മാർഗ്ഗങ്ങൾ പ്രവാചകൻ പറഞ്ഞുതന്നു. അവ നമ്മുടെ ജീവിതം കൊണ്ടു അർത്ഥ പൂർണ്ണമാക്കിത്തീർക്കുന്നതിന് ദൈവം തന്റെ പരിശുദ്ധാത്മാവു മൂലം നമ്മെ ഓരോരുത്തരേയും ശക്തരാക്കട്ടെ.

ആദ്ധ്യാത്മീക വളർച്ച കൂടാതെ ഇതൊന്നും സാദ്ധ്യമല്ല. ഇന്നു നമ്മുടെ സഭയ്ക്കു ഏറ്റം അത്യാവശ്യമായുള്ളത് ആദ്ധ്യാത്മീകമായ വളർച്ചയാണ്, ന്യായം പ്രവർത്തിക്കുക. ദയാതൽപ്പരനായിരിക്കുക, ദൈവ സന്നിധിയിൽ വിനയത്തോടെ നടക്കുക. ഇതെല്ലാം സാധിക്കണമെങ്കിൽ യേശുക്രിസ്തു നമ്മുടെ ജീവിതത്തിൽ വന്നെങ്കിൽ മാത്രമേ സാദ്ധ്യമാകയുള്ളു. സകല സത് ഗുണങ്ങളുടെയും ഉറവിടമായ യേശുക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ചു യേശുക്രിസ്തു ഉള്ളവരായി, യേശുക്രിസ്തുവിനോടു നമുക്കു ഒരുമിച്ചു 21-ാം നൂറ്റാണ്ടിലേക്കു പ്രവേശിക്കാം. പുതിയ നൂറ്റാണ്ടിൽ നമ്മുടെ ദൗത്യം ശരിയായി നിർവ്വഹിക്കണമെങ്കിൽ നാം നീതിയും, കരുണയും, സ്നേഹവും താഴ്മയും ഉള്ളവരായിരിക്കണം.

നമ്മുടെ ദൗത്യ നിർവ്വഹണത്തിൽ പ്രബുദ്ധരായ നമ്മുടെ പട്ടത്വ സമൂഹവും, ത്യാഗ നിധികളായ നമ്മുടെ സഭാ ശുശ്രൂഷകരും, മറ്റെല്ലാ ജനങ്ങളും ആത്മാർത്ഥമായി സഹകരിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു. 21-ാം നൂറ്റാണ്ടിന്റെ വെല്ലുവിളികളെ നമുക്കൊരുമിച്ചു നേരിടാം - സ്നേഹത്തിന്റെ ആത്മാവിൽ ഐക്യമത്യത്തോടുകൂടി നമുക്കൊരുമിച്ചു പ്രവർത്തിക്കാം - ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

യേശുക്രിസ്തു തന്നെ പ്രധാന മൂലക്കല്ലായി അപ്പോസ്തോലൻമാരുടെയും, പ്രവാചകൻമാരുടെയും, അടിസ്ഥാനത്തിൻമേൽ തിരു സഭയെ പണിയിച്ചിരിയ്ക്കുന്ന സർവ്വ ശക്തനായ ദൈവമെ ഞങ്ങൾ സർവ്വ വിശുദ്ധൻമാരോടും കൂടെ നിനക്ക് ഇഷ്ടമുള്ള മന്ദിരമായിത്തീരുവാൻ തക്കവണ്ണം അവരുടെ ഉപദേശത്താൽ ആത്മാവിന്റെ ഐക്യത്തിൽ ഒന്നിച്ചു ചേർക്കപ്പെടേണ്ടതിനു ഞങ്ങളുടെ കർത്താവായ യേശു മശിഹാമൂലം കൃപ ചെയ്യണമേ - ആമേൻ.

**ലേഖനം**

# കേരളത്തിലെ ആംഗ്ലിക്കൻ സഭയുടെ പാരമ്പര്യങ്ങൾ

കെ. ഐ. നൈനാൻ

ഒരു സഭയ്ക്കു തനിമ വരുത്തുന്നതു അതിന്റെ വിശ്വാസങ്ങളും സിദ്ധാന്തങ്ങളും. അവയുടെ പ്രത്യക്ഷങ്ങളാണു സഭയിലെ ആചാരങ്ങളും കർമ്മാനുഷ്ടാനങ്ങളും, വേദ പുസ്തക പണ്ഡിതൻമാരും ദൈവ ശാസ്ത്രജ്ഞൻമാരും വിശ്വാസത്തിനും സിദ്ധാന്തത്തിനും ഊന്നൽ കൊടുക്കുമ്പോൾ, സാധാരണ ജനങ്ങൾ ആചാരനുഷ്ടാനങ്ങൾക്കു ഊന്നൽ കൊടുക്കുന്നു.

സമൂഹത്തിൽ നിലവിലുള്ള ആചാരങ്ങൾക്കു രൂപ ഭേദം വരുത്തിയും ജനതയുടെ സംസ്കാരത്തിൽ കാണുന്ന പ്രതീക്ഷകൾക്കു പുതിയ അർത്ഥം കൊടുത്തും സഭകൾ അവയെ സ്വീകരിക്കാറുണ്ടു. പ്രകൃതി, കാലവസ്ഥ, പ്രകൃതി വിഭവങ്ങൾ എന്നിവയും ആചാരങ്ങൾ ക്രമീകരിക്കുന്നതിനുള്ള ഘടകങ്ങളാണ്. യേശു ജീവിച്ച നാട്ടിൽ ജനങ്ങൾ സാധാരണ വീഞ്ഞു കുടിച്ചിരുന്നു. അതുകൊണ്ട് അന്ത്യ അത്താഴത്തിലെ ഒരു വിഭവമായിരുന്നു വീഞ്ഞു. യൂക്കറിസ്റ്റിൽ നമ്മൾ വീഞ്ഞു ഉപയോഗിക്കുന്നതിനുള്ള കാരണവും അതു തന്നെ. ഹിന്ദു സംസ്ക്കാരത്തിൽ നിന്നും നമ്മൾ പലതും സ്വീകരിച്ചിട്ടുണ്ടു. മിന്നും, മന്ത്രകോടിയും അങ്ങനെ സ്വീകരിച്ച പ്രതീകങ്ങളാണ്. വൈദേശികമായ സ്വാധീനങ്ങളും സഭയിൽ വന്നിട്ടുണ്ടു.

നമ്മുടെ പള്ളികളിൽ ഈ നൂറ്റാണ്ടിന്റെ ആദ്യ കാലംവരെ വിശുദ്ധ സക്രമന്തിന് സാധാരണയുള്ള റൊട്ടിയാണു ഉപയോഗിച്ചിരുന്നത്. പോർച്ചുഗീസുകാർ കേരളത്തിൽ വന്നതോടു കൂടിയാണെന്നു തോന്നുന്നു നമ്മുടെ നാട്ടിൽ റൊട്ടി ഉണ്ടാക്കുവാൻ തുടങ്ങിയത്. നമ്മുടെ നാട്ടിൽ ആദ്യം റൊട്ടിയും കേക്കും ഭക്ഷിച്ചത് ആംഗ്ലിക്കൻ ക്രിസ്ത്യാനികളാണു*. ഇംഗ്ലീഷുകാർ റൊട്ടി തിന്നുന്നവരായതു കൊണ്ടാണു നമ്മുടെ പള്ളികളിൽ വിശുദ്ധ സംക്രമത്തിനു റൊട്ടി ഉപയോഗിച്ചത്. ബിഷപ്പ് മൂറിന്റെ കാലത്തും റൊട്ടിയാണുപയോഗിച്ചിരുന്നത്. പിൽക്കാലത്തു കൂടുതൽ സൗകര്യാർത്ഥം വേഫർ ഉപയോഗിക്കാൻ തുടങ്ങി. വേഫർ ഉപയോഗിക്കുന്നതിൽ പ്രതിഷേധിച്ച പട്ടക്കാരുണ്ടു.

മലങ്കര സുറിയാനി സഭയിൽ ഗോതമ്പു അരച്ചു ചുട്ട അപ്പമാണു ഉപയോഗിക്കുക അവർ വീഞ്ഞു അപ്പത്തിന്റെ പുറത്ത് പുരട്ടി കൊടുക്കുമ്പോൾ നമ്മൾ രണ്ടും വെവ്വേറെയായി കൊടുക്കുന്നു. വി. സക്രമത്തിൽ പങ്കെടുക്കുന്നവരെല്ലാവരും വീഞ്ഞ് ഒരേ കാസായിൽ നിന്നും വായ് കൊണ്ടു വലിച്ചു കുടിക്കുന്ന പതിവാണു നമ്മുടെ സഭയിൽ ഉണ്ടായിരുന്നത്. എന്നാൽ ശുചിത്വം പ്രമാണിച്ചു ബിഷപ്പ് ജേക്കബിന്റെ കാലത്ത് ശുശ്രൂഷകൻ വീഞ്ഞ് സ്പൂണിൽ എടുത്തു കൊടുക്കുന്ന രീതി തുടങ്ങി. ആംഗ്ലിക്കൻ സഭ പദാർത്ഥ മാറ്റത്തിൽ വിശ്വസിക്കുന്നില്ല. ഭൗതികമായതിനെ പരിപാവനമായി കരുതുന്നു എന്നു മാത്രം. മലങ്കര സുറിയാനി സഭയും, റോമൻ കത്തോലിക്കാ സഭയും പദാർത്ഥ മാറ്റത്തിൽ വിശ്വസിക്കുന്നു (നമ്മൾ വിശുദ്ധ സക്രമത്തിൽ പങ്കെടുക്കുന്നതു അന്ത്യത്താഴത്തിന്റെ ഓർമ്മയ്ക്കല്ലേ. അന്ത്യത്താഴത്തിന്റെ പടം കാണുന്നതു കൊണ്ടും യേശു അന്ത്യത്താഴ സമയത്തു പറഞ്ഞ വാക്യങ്ങൾ മനസ്സിൽ വെച്ചു കൊണ്ടും തെറ്റിദ്ധരിക്കുന്നവരുണ്ടു. നമ്മൾ സക്രമന്തിൽ പങ്കെടുക്കുന്നത്, കർത്താവിന്റെ മരണത്തേയും കഷ്ടപ്പാടിനേയും, പുനരുദ്ധാനത്തെയും സ്വർഗ്ഗാരോഹണത്തെയും ഓർത്തു കൊണ്ടാണു)

മലങ്കര സുറിയാനി സഭയിലെ പള്ളികളുടെ മദ്ബഹയ്ക്കുള്ളിലും ഭിത്തികളിലും കടുത്ത നിറങ്ങൾ കാണാം. ഭിത്തിയിൽ പുണ്യവാളൻമാരുടെയും മറ്റും ചിത്രങ്ങൾ വെച്ചിരിക്കുന്നതും മറ്റും കാണാവുന്നതാണ്. സുറിയാനി സഭയിൽ ശുശ്രൂഷ വേളയിൽ പുരോഹിതൻമാർ കടും നിറങ്ങളുള്ള വസ്ത്രം ധരിക്കുന്നു. നമ്മുടെ പുരോഹിതൻമാർ വെള്ള വസ്ത്രമാണു ശുശ്രൂഷാ സമയത്ത് ധരിക്കുക. വിശുദ്ധ സക്രമത്തിൽ പങ്കെടുക്കുന്നതിനു മുൻപു പുരോഹിതന്റെ അടുത്തു പോയി കുമ്പസാരിക്കുന്ന പതിവു നമുക്കില്ല. പൊതുവിലുള്ള പാപ സ്വീകാര്യ പ്രാർത്ഥനയിൽ ചേരുന്നതേയുള്ളു.

മലങ്കര സഭയിൽ മേൽ പട്ടക്കാർ അവിവാഹിതരായിരിക്കണമെന്നു നിഷ്കർഷയുള്ളപ്പോൾ ആംഗ്ലിക്കൻ ബിഷപ്പൻമാർ വിവാഹം കഴിച്ചവരായിരിക്കും (ഇവിടെ ബിഷപ്പ് മൂർ മാത്രമേ അവിവാഹിതനായിരുന്നുള്ളൂ, സന്യാസ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്).

മിഷ്യനറി ബിഷപ്പൻമാർക്കും മിഷ്യനറി പട്ടക്കാർക്കും മക്കൾ ഉണ്ടായിരുന്നെങ്കിലും, മക്കൾ ആരും മഹാഇടവകയിൽ നിന്നും യാതൊരു സാമ്പത്തിക ആനുകൂല്യങ്ങളും

*(കോട്ടയത്ത് ആംഗ്ലിക്കൻ ബിഷപ്പിന് റൊട്ടിയുണ്ടാക്കികൊടുത്തു വന്നത് കല്ലുപാലം വീട്ടുകാരാണു. റൊട്ടി കൊണ്ടുപോയി കൊടുത്തിരുന്ന പയ്യൻ എന്ന അർത്ഥത്തിലാണ് കല്ലുപാലം ലാഡ് എന്ന പേരുപയോഗിച്ചത്. Lad എന്നാൽ പയ്യൻ എന്നാണ് അർത്ഥം.)

പ്രതീക്ഷിച്ചവരല്ലായിരുന്നു. അവർ ഏതെങ്കിലും തൊഴിൽ ചെയ്ത് അവരുടെ ജൻമനാട്ടിൻ തന്നെ കഴിഞ്ഞു വന്നു. (ഹെൻട്രി ബേക്കറിൻെറ കുടുംബാംഗങ്ങൾ സ്വന്തമായി നമ്മുടെ നാട്ടിൽ തോട്ട കൃഷി തുടങ്ങി. അവർ പീരുമേട്ടിൽ ആഷ്ലി മുതലായ തേയില തോട്ടങ്ങൾ തുടങ്ങുകയും കുമരകത്തു റബർ കൃഷി ആരംഭിക്കുകയും ചെയ്തു).

നമ്മുടെ ബിഷപ്പുമാരും പട്ടക്കാരും വിവാഹം കഴിച്ചവരായതുകൊണ്ടാണു കുടുംബ സന്ദർശനവും കുടുംബ പ്രർത്ഥനയും ക്രിസ്തീയ ശുശ്രൂഷയുടെ ഒരു പ്രധാന ഭാഗമായി ത്തീർന്നതു. പട്ടക്കാർ വിവാഹം ചെയ്യുവാൻ അനുവാദമില്ലാത്ത റോമൻ കത്തോലിക്ക സഭയിൽ പട്ടക്കാർ വീടുകൾ സന്ദർശിച്ചു പ്രാർത്ഥന നടത്താറില്ല. മലങ്കര സുറിയാനി സഭയിലും ആ രീതി ഇല്ല. വീടു കൂദാശ, അടിയന്തരം മുതലായവക്ക് വീടുകളിൽ പോകും എന്നേയുള്ളൂ നമ്മുടെ പട്ടക്കാർ ബസ്ക്യാമയുമൊത്തു വീടുകൾ സന്ദർശിക്കും . വിവാഹിതരായതിനാൽ തനിച്ചു വീടുകൾ സന്ദർശിച്ചാലും ആരും പഴിക്കാൻ ഇട വരുകയില്ലല്ലോ. അച്ചൻെറ ഭാര്യയെ ബസ്ക്യാമ എന്നാണു വിളിക്കാറുള്ളതു. ബസ്ക്യാമ്മമാർക്കെല്ലാം പാട്ടും, തയ്യലും നല്ല വശമായിരുന്നു. അടുത്ത കാലത്ത് അച്ചൻമാരുടെ ഭാര്യമാരെ കൊച്ചമ്മ എന്ന് വിളിച്ചു വരുന്നു. ബസ്ക്യാമ്മ എന്ന വാക്ക് എബ്രായ പദത്തിൽ നിന്നും ഉണ്ടായതാണു. ബസ്ക്യാമ്മ എന്ന പദത്തിൻെറ അർത്ഥം "ഉടമ്പടിയുടെ മകൾ" എന്നാണു. കൊച്ചമ്മ എന്നതിനേക്കാൾ വളരെ ഔന്നത്യമുള്ള പദമാണു ബസ്ക്യാമ്മ. അതു അറിയാൻ പാടില്ലാത്തത് കൊണ്ടായിരിക്കും അവർ കൊച്ചമ്മ എന്ന സംബോധന ഇഷ്ടപ്പെടുന്നതു. അച്ചൻമാരുടെ ഭാര്യമാർ സഭയ്ക്കു പുറത്തു ജോലി ചെയ്യുന്നത് കൊണ്ടാവാം മുൻ പറഞ്ഞ മാറ്റം ഉണ്ടായതു. തങ്ങൾക്ക് സർക്കാർ ഉദ്യോഗവും മറ്റും ഉള്ളതുകൊണ്ടു സഭാശുശ്രൂഷയിൽ ഇടവക പട്ടക്കാരനെ സഹായിക്കുന്ന ബസ്ക്യാമ്മമാർ കുറഞ്ഞുവരുന്നു. 1965 വരെ നമ്മുടെ സഭയിൽ ബസ്ക്യാമ്മമാർ ജോലിക്കു പോകുന്നതു അനുവദിച്ചിരുന്നില്ല. ബിഷപ്പു ജോസഫിൻെറ കാലത്താണ് ആ നയം മാറിയത്. (തുടരും).

---

**(വായനക്കാർ സംസാരിക്കുന്നു)**

(പേജ് 13 ൽ നിന്നും തുടർച്ച)

ഭാവിയെക്കുറിച്ചുള്ള പ്രത്യാശയുടെ ഭാഗമായാണ്, അഭിനവ ബിഷപ്പിനുള്ള തുറന്ന കത്തിൽ ഞാൻ ഒപ്പിട്ടത് എങ്കിലും ദക്ഷിണേന്ത്യ സഭയെക്കുറിച്ചും എപ്പിസ്ക്കോപ്പസിയെക്കുറിച്ചും ചില ചോദ്യങ്ങൾ ഉന്നയിക്കേണ്ടിയിരിക്കുന്നു.

ദക്ഷിണേന്ത്യ സഭ അതിൻെറ ദൗത്യത്തിലും ലക്ഷ്യത്തിലും പരാജയപ്പെട്ടു എന്നു ഞാൻ കരുതുന്നു. ദക്ഷിണേന്ത്യ സഭയിൽ ലയിച്ചതായ അംഗസഭകളുടെ പ്രത്യേകതകളും മൂല്യങ്ങളും പുതിയ സഭയിൽ സംരക്ഷിക്കപ്പെട്ടില്ല. ദൈവരാജ്യത്തിൻെറ പ്രവർത്തനങ്ങളിൽ സാക്ഷ്യം വഹിക്കേണ്ട നാം, അതിൽ പരാജയപ്പെട്ടു. തെരഞ്ഞെടുപ്പു. പ്രക്രിയ ദൈവീകമോ, ജനാധിപത്യമോ അല്ല. പിന്നെയോ തന്ത്രങ്ങളിൽ അടിസ്ഥാനപെടുത്തിയതാണ് (Manipulative) - ജനാധിപത്യ മൂല്യങ്ങൾക്കു വേണ്ട പരിഗണന ലഭിക്കാറില്ല. കാലാവധി പൂർത്തിയാക്കിയ ഒരു ഡയോസിൽ കൗൺസിൽ ഒരായുഷ്ക്കാല ബിഷപ്പിനെ തെരഞ്ഞെടുക്കുന്നതിൻെറ ധാർമ്മീകതയെന്താണ്? ഡയോസിസൻ കൗൺസിലിൻെറ കാലാവധിക്ക് ഒരു ബിഷപ്പിനെ തിരഞ്ഞെടുക്കുന്നതല്ലെ കൂടുതൽ അഭികാമ്യം. ദൈവീകമാണ് തെരഞ്ഞെടുപ്പെങ്കിൽ, കുതന്ത്രങ്ങൾ ദൈവം അനുവദിക്കുമോ? നിർഭാഗ്യവശാൽ ബിഷപ്പിൻെറ പങ്കു ഇടയൻ എന്നതിലുപരി ഭരണാധികാരി എന്ന നിലയിലായിത്തീർന്നിരിക്കായാണ്. ബിഷപ്പിനു് മുഖ്യ വൈദികൻെറ ഗോളാണുള്ളതെങ്കിലും അദ്ദേഹവും വൈദികരും തമ്മിലുള്ള ബന്ധം അകലുകയാണ്. ദക്ഷിണേന്ത്യ സഭയ്ക്കു ബിഷപ്പ് സ്ഥാനം ലഭിച്ചത് ആംഗ്ലിക്കൻ സഭയിൽ നിന്നാണ്. അംഗ്ലിക്കൻ സഭയിലെ ആർച്ചുഡീക്കൻ, റെക്ടർ, ഡീൻ, തുടങ്ങിയവ ബിഷപ്പിൽ കേന്ദ്രീകരിച്ചു. മദ്ധ്യ കേരള മഹായിടവക ബിഷപ്പ്, മഹായിടവകയിലെ സകല സംഘടനകളുടെയും പ്രസിഡൻെറ് സ്ഥാനവും കരസ്ഥമാക്കി. ബിഷപ്പുമാർക്കു എന്തുകൊണ്ടു ഒരു പ്രവർത്തന രേഖയുണ്ടാക്കികൂടാ. ഡയോസിസൻ കൗൺസിൽ ജനങ്ങളുടെ ശബ്ദമാകാതെ പോയി. സഭയുടെ ജീവിതവും ശൈലിയും പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്ന സ്ഥലമായിരിക്കണം ഡയോസിസൻ കൗൺസിൽ.

**- റവ. സുഗു ജോൺ ചാണ്ടി.**

(ഇംഗ്ലീഷിലുള്ള ഒരു നീണ്ട കത്തിലെ ഏതാനും ഭാഗങ്ങളുടെ സ്വതന്ത്ര പരിഭാഷയാണിത്. ഇംഗ്ലീഷിലുള്ള കത്ത് അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.).

"ന്യൂ വിഷൻെറ" കെട്ടും മട്ടും, അതിൻെറ പേരും ആകർഷണീയമായി തോന്നി. എന്നാൽ മെയ് ജൂൺ ലക്കം മാസികയുടെ അവസാന പേജിൻെറ അവസാന ഖണ്ഡിക, വായനക്കാരെ സഭയെപ്പറ്റിയുള്ള ക്രിസ്തുവിൻെറ ലക്ഷ്യത്തിന് നേരെ വിപരീതമായ ലക്ഷ്യത്തിലേക്കു ആനയിക്കുന്ന ഒന്നായി കാൺമാൻ ഇടയായതിൽ ഖേദിക്കുന്നു.

"നീതിയും മനുഷ്യത്വവും നിഷേധിക്കപ്പെട്ട്, അത് ലഭിപ്പാനുള്ള സകല വഴിയും അടയുമ്പോൾ... അക്രമ മാർഗ്ഗത്തിലൂടെ അതു മാറ്റുവാൻ സഭ നിർബന്ധിതയായിത്തീരും" എന്നുള്ള റോമീറോയുടെ നിലപാട്, സഭയെ അതിൻെറ ലക്ഷ്യത്തിൽ നിന്നു തെറ്റിക്കുവാനുള്ള സാത്താൻെറ ആലോചനയാണെന്ന് ഇനിയെങ്കിലും, യേശു

വിൻെറ നാമത്തിൽ നീതിക്കുവേണ്ടി പോരാടുവാൻ ആഹ്വാനം ചെയ്യുന്നവർ മനസ്സിലാക്കേണ്ടതാണ്. ക്രിസ്തുവിൻെറ അനുയായികൾക്ക് നീതിയും സമാധാനവും കൈവരുത്തുവാനുള്ള "സകല മാർഗ്ഗവും" ഒരിക്കലും അടയപ്പെടുന്നില്ല എന്ന് 'പുതിയ നിയമം' നമ്മെ അനുസ്മരിപ്പിക്കുന്നു.

"There is nothing that love cannot face; there is no limit to its faith, its hope and its endurance" - സ്നേഹത്തിന് നേരിടുവാൻ കഴിയാത്തതായൊന്നും ഇല്ല. അതിൻെറ വിശ്വാസത്തിനും, പ്രത്യാശക്കും, സഹനശക്തിക്കും പരിധിയുമില്ല (1 കോരി. 13:7) "തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക" (റോമ 12:21) സ്നേഹത്തിൻെറതായ, ആ ക്രൂശിൻെറ അക്രമരഹിത മാർഗ്ഗത്തിലുള്ള മരണത്തിലൂടെയല്ലാതെ മറ്റൊന്നിനും ഉയിർത്തെഴുന്നേൽപ്പ് സാധ്യമാവുകയില്ല എന്നുള്ള യേശുവിൻെറ അനുശാസനം ആർച്ചുബിഷപ്പ് റോമീറോയെ പോലുള്ള ചില ദൈവശാസ്ത്ര ചിന്തകരും പ്രവർത്തകരും ഇനിയെങ്കിലും മനസ്സിലാക്കിയിരുന്നെങ്കിൽ കൊള്ളാമായിരുന്നു. കമ്മ്യൂണിസത്തിൻെറ ദൈവശാസ്ത്രം സ്വീകരിക്കുന്നില്ലെങ്കിലും, വർഗ്ഗസമരം (Class war) വഴി നീതിയും സമാധാനവും കൈവരുത്താമെന്ന് കരുതുന്ന ക്രിസ്താനുഗാമികൾ, ആ സമര തന്ത്രത്തിൻെറ ഉറവിടമായ സോവിയറ്റ് റഷ്യയുടെ അധിപനായിരുന്ന ഗോർബച്ചേവിൻെറ മുന്നറിയിപ്പ് ശ്രദ്ധിക്കുക.

"സമൂഹത്തെ അനീതിയിൽ നിന്നും, അക്രമത്തിൽ നിന്നും മുക്തമാക്കുന്ന പുതിയ പ്രത്യയ ശാസ്ത്രം, യേശു ക്രിസ്തുവിൽ പ്രത്യക്ഷമായ അഹിംസാ സ്നേഹമാകുന്നു. യഥാർത്ഥ സാമൂഹ്യ പരിവർത്തന നടപടികൾ അവയുടെ ലക്ഷ്യം നേടുന്നത് രക്തചൊരിച്ചിലിൽ കൂടെയല്ല തന്നെ. വിപ്ലവത്തിൻെറ വെൺമഴുവിലൂടെ പ്രത്യയ ശാസ്ത്രങ്ങൾ അടിച്ചേൽപ്പിക്കുന്ന കീഴ്‌വഴക്കത്തിനു എന്നേക്കുമായി നമുക്ക് വിട പറയാം. പകരം അഹിംസയുടെ പാത ആദരപൂർവ്വം പിന്തുടരാം." - (പ്രവ്ദായുമായുള്ള അഭിമുഖത്തിൽ, ഗോർബച്ചേവ്).

ലാറ്റിൻ അമേരിക്കയിൽ തന്നെ, മുതലാളിത്വത്തിൻെറ അടിമത്വത്തിൽ നിന്ന് തൻെറ ജനങ്ങളെ ഉദ്ധരിക്കുവാൻ വേണ്ടി സ്വയം ഉഴിഞ്ഞു വെച്ച്, ഇപ്പോഴും സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ രംഗത്ത് തീവ്ര പ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മറ്റൊരു ആർച്ചു ബിഷപ്പിൻെറ വാക്കുകളും ശ്രദ്ധിക്കാം - ആർച്ചു ബിഷപ്പ് ഡോം ഹെൽഡർ കമാറ പറയുന്നു;

"പിന്നോക്ക രാജ്യങ്ങളിലെ ജനതക്കുള്ള പോംവഴി എന്താകുന്നു എന്ന് ഞാൻ കാണുന്നു.... സംഘടിത അക്രമം ലക്ഷോപലക്ഷം ജനങ്ങളെ അവരുടെ മനുഷ്യത്വം നഷ്ടപ്പെടുത്തുന്ന ഒരു പരിതസ്ഥിതിയിലേക്ക് വലിച്ചു താഴ്ത്തിയിരിക്കുന്നു. മൂന്നാം ലോകം അക്രമത്തിലേക്കു തിരിയുന്നത്, മറ്റൊരു മാർഗ്ഗവും അവശേഷിക്കുന്നില്ല എന്നുള്ള ഒരു പ്രതീതി ഉണർത്തുന്നു..... എങ്കിലും ഞാൻ സത്യത്തിൻെറയും സ്നേഹത്തിൻേറയും അജയ്യ ശക്തിയിൽ വിശ്വസിക്കുന്നു. അസത്യവും വിദ്വേഷവും എന്നേക്കും പ്രബലപ്പെടു വാൻ അനുവദിക്കാത്ത ദൈവ ശക്തിയിലും. സാമൂഹ്യ പരിവർത്തനത്തിനുവേണ്ടിയുള്ള സജീവപ്രവൃത്തി നിരതയിലും വിശ്വസിക്കുന്നു. ആകയാൽ ഞാൻ നീതിക്കും സമാധാനത്തിനും വേണ്ടി പ്രവൃത്തി നിരതനായി തുടരും. ആ മാർഗ്ഗത്തിലുള്ള പരിവർത്തനം വിജയിച്ചു ആ മൂല്യങ്ങൾ ഇന്നല്ലെങ്കിൽ നാളെ കൈവരുമെന്നു തന്നെയാണ് എൻെറ ദൃഢ വിശ്വാസം."

ലേഖനത്തിൻെറ തലക്കെട്ട്, "ഉയിർപ്പ് കൂടാതെയുള്ള മരണത്തിൽ ഞാൻ വിശ്വസിക്കുന്നില്ല." എന്ന ബിഷപ്പ് റോമി റോയുടെ പ്രസ്താവന ഉദ്ധരിച്ചു കൊണ്ടുള്ളതാണ്. ബിഷപ്പ് വിഭാവന ചെയ്യുന്ന ഉയിർപ്പിൻെറ സ്വഭാവത്തെപ്പറ്റി അദ്ദേഹം തന്നെ പറയുന്നത് "അവർ എന്നെ കൊല്ലുകയാണെങ്കിൽ സാൽവഡോറിലെ പാവപ്പെട്ട ജനങ്ങളിലൂടെ ഞാൻ ജീവിക്കും.". എന്നാൽ ക്രിസ്തുസഭ വിശ്വസിക്കുന്നതും യേശുക്രിസ്തു തൻെറ ക്രൂശ് മരണത്താലും ഉയിർത്തെഴുന്നേൽപ്പിനാലും കൈവരുത്തിത്തന്നിരിക്കുന്ന ഉയിർപ്പ് മനുഷ്യ ഹൃദയങ്ങളിൽ മാത്രമുള്ള ഉയിർപ്പല്ല. പിന്നെയോ ഭൗമശരീരം രൂപാന്തരം പ്രാപിച്ചു നിത്യജീവനിലേക്കുള്ള ഉയിർപ്പാകുന്നു. ആ ഉയിർപ്പ് സാധ്യമാക്കുന്നത്, ഏതിരാളിയെ ചുട്ടെരിക്കുന്നതിനിടയിൽ മരണപ്പെടുന്നവർക്കല്ല, പിന്നെയോ ക്രൂശിൻെറ മാർഗ്ഗം സ്വീകരിച്ച് രക്തസാക്ഷികളായി മരിക്കുന്നവർക്കത്രെ.

. മർദ്ദിതരായ, അമേരിക്കയിലുള്ള തൻെറ കറുത്തവർഗ്ഗക്കാരായ സഹോദരങ്ങളെ വിമോചിപ്പിക്കുവാൻ വേണ്ടി പ്രവർത്തിച്ചിരുന്നതിനിടയിൽ വെടിയേറ്റു മരിച്ച പട്ടക്കാരനായിരുന്ന മാർട്ടിൻ ലൂതർ കിംഗിൻെറ വാക്കുകളും ശ്രദ്ധിക്കാം;

"മർദ്ദിത വർഗ്ഗത്തെ അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നം അനീതിയുടെ ശക്തികളെ നേരിടുവാനുള്ള സമര മാർഗ്ഗം എന്താകുന്നു എന്നുള്ളതാണു. ഇതിന് രണ്ടു മറുപടികൾ ഉണ്ട്. ഒന്ന്, ഇന്ന് സാർവത്രികമായിക്കാണുന്ന അക്രമത്തിൻെറയും വിദ്വേഷത്തിൻെറയും മാർഗ്ഗം. ഇതിൻെറ അപകടം അതിൻെറ ഫലശൂന്യതയാണ്. അക്രമം ഒരു സാമൂഹ്യ പ്രശ്നത്തിനു പരിഹാരം കൈവരുത്തുവാൻ പര്യാപ്തമല്ല. മറിച്ച് പുതിയതും കൂടുതൽ വൈഷമ്യകരങ്ങളുമായ പ്രശ്നങ്ങളെ സൃഷ്ടിക്കുകയാണ് അത് ചെയ്യുന്നത്. ചരിത്രത്തിൻെറ ഏടുകളിലൂടെ വാളെടുക്കുന്ന പത്രോസ്മാരോടായി ഒരു ശബ്ദം ഉയരുന്നു, "വാൾ ഉറയിലിടുക" ഈ കൽപ്പന ലംഘിച്ച സമൂഹങ്ങളുടെയും രാഷ്ട്രങ്ങളുടേതുമായ വെളുത്ത അസ്ഥികളെക്കൊണ്ട് ചരിത്രത്തിൻെറ കടൽത്തീരങ്ങൾ നിറഞ്ഞിരിക്കുന്നു. അമേരിക്കൻ നീഗ്രോകളെ, മറ്റ് മർദ്ദിത ജനതയൊ നീതിക്കു

വേണ്ടിയുളള സമരത്തിൽ അക്രമ മാർഗ്ഗം സ്വീകരിക്കുവാനുളള പരീക്ഷക്ക് വിധേയരായി തീർന്നാൽ, ജനിപ്പാനുള്ള തലമുറകൾ നിരാശാ ഭരിതമായ കയ്പിന്റെ രാത്രിയിൽ ജീവിക്കേണ്ടിവരും, അവർക്ക് ലഭ്യമാകുന്ന സ്വത്ത് അനന്തശൂന്യമായ ആ കുലത്വം മാത്രമായിരിക്കും. "ഏത് കാരണവശാലും അക്രമ മാർഗ്ഗം സ്വീകരിച്ചു് മരണമടയുന്നവരുടെ ഉയിർത്തെഴുന്നേൽപ്പ് അനന്തശൂന്യമായആകുലത്വം ആയിരിക്കുകയില്ലേ?

ആചാര്യ കെ. കെ. ചാണ്ടി
ക്രൈസ്തവാശ്രമം, മാങ്ങാനം.

## പൊൻകുന്നം വർക്കിയും മുട്ടത്തു വർക്കിയും

*മുട്ടത്തുവർക്കിയും പൊൻകുന്നം വർക്കിയും രണ്ട് ധ്രുവങ്ങളിലാണെന്ന് എല്ലാവർക്കും അറിയുമല്ലോ? തന്റെ സുഹൃത്ത് പൊൻകുന്നം വർക്കിയുടെ പ്രിയപ്പെട്ട പുത്രൻ വെള്ളത്തിൽ മുങ്ങിമരിച്ചെന്ന് കേട്ടപ്പോൾ മുട്ടത്തു വർക്കി മരണവീട്ടിൽ ചെന്നിരുന്നു. സുഹൃത്തിനെ എങ്ങനെ ആശ്വസിപ്പിക്കണമെന്നറിയാതെ മുട്ടത്തു വർക്കി വല്ലാതെ വിഷമിച്ചു. ശവസംസ്കാരമെല്ലാം കഴിഞ്ഞ് തിരിച്ചുവന്നപ്പോൾ ആശ്വസിപ്പിക്കാനെന്നോണം മുട്ടത്തുവർക്കി, പൊൻകുന്നം വർക്കിയോട് ചോദിച്ചു:*

"മോൻ എങ്ങനെയാണ് മരിച്ചത്?"

പൊൻകുന്നംവർക്കി ശാന്തമായി പറഞ്ഞു:

"വെള്ളത്തിൽ മുങ്ങി തന്നെ"

"ആരും കണ്ടില്ലേ?"

"കണ്ടിരുന്നു". പൊൻകുന്നം പറഞ്ഞു.

"എന്നിട്ട് അയാൾ രക്ഷപ്പെടുത്താൻ ഒട്ടും ശ്രമിച്ചില്ലേ?"

"അവനെന്തിനാ അതിന്റെ ആവശ്യം? എന്റെ മോൻ ചാകുന്നെങ്കിൽ അവനെന്താ നഷ്ടം?"

മുട്ടത്തുവർക്കി കുറെ നേരത്തെ മൗനത്തിനുശേഷം ഖേദത്തോടെ വീണ്ടും ചോദിച്ചു.

"അയാളാരണ്? പരിചയക്കാരനാണോ?".

"പരിചയമൊന്നുമില്ല. ദൈവം തമ്പുരാനാണെന്ന് ആൾക്കാർ പറയുന്നു".

റിപ്പോർട്ട്

# അനുരഞ്ജനം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണം

ന്യൂ വിഷന്റെ കമ്മിറ്റിയംഗങ്ങൾ അഭിനവ ബിഷപ്പ് സാം മാത്യുവിന് സെപ്റ്റംബർ 21-ാംതീയതി മാങ്ങാനത്തുവെച്ചു ഒരു സ്വീകരണം നൽകി. റവ. കെ. സി. മാത്യു സ്വാഗതം പറഞ്ഞു. സ്വാഗത പ്രസംഗത്തിൽ അച്ചൻ ഇപ്രകാരം പറഞ്ഞു. "കാഴ്ച മങ്ങിയ ഒരു കാലയളവാണിത്. ഈ മഹായിടവകയിലുള്ള എല്ലാവരേയും സ്നേഹത്തിന്റെ ആത്മാവിൽ ഒരുമിച്ചുകൊണ്ടു പോകുവാൻ ബിഷപ്പിന് സാധിക്കണം. ബിഷപ്പിന്റെ അഭിപ്രായങ്ങൾ ദൈവശബ്ദമാണെന്നും അതായിരിക്കണം സഭയുടെ അഭിപ്രായങ്ങളെന്നും വരുന്നത് ഖേദകരമാണു. ഈ സമീപനത്തോടു യോജിക്കാത്തവരെ പുറംജാതികളായി കുറെ വർഷങ്ങളായി കരുതിപോന്നിരുന്നു. ഇതു മാറിയേ തീരു സഹകരണത്തിന്റെയും സ്നേഹത്തിന്റെയും ആത്മാവിൽ എല്ലാവരേയും ഒന്നിച്ചു കൊണ്ടുവരുവാൻ ബിഷപ്പ് സാം മാത്യു നേതൃത്വം കൊടുക്കണം, അതിനു ഞങ്ങളുടെ സഹകരണം ഉണ്ടാവും." തുടർന്ന് ബിഷപ്പിനും സന്നിഹിതരായിരുന്നവർക്കും റവ. കെ. സി. മാത്യു സ്വാഗതമരുളി.

തുടർന്ന് ശ്രീ വി. ജെ. ജോസഫ്, റവ എ. സി. ഉമ്മൻ, ശ്രീ കെ. ജെ. ജയിക്കബ്, ഡോ. കെ. എം. ജോർജ്, പ്രൊഫ. മമ്മൻ വർക്കി എന്നിവർ പ്രസംഗിച്ചു.

ശ്രീ. വി. ജെ. ജോസഫ്. "കുഴഞ്ഞിരിക്കുന്ന ഒരവസ്ഥയാണിത്. പ്രാർത്ഥനയോടെയാണ് കാര്യങ്ങളെ സമീപിക്കേണ്ടത്. ചങ്ങനാശ്ശേരി കേന്ദ്രമായുള്ള യുവജന പ്രസ്ഥാനം ഇപ്പോഴും ഒരു സംഘടിത ശക്തിയാണ്. അവരുമായി ബിഷപ്പ് ചർച്ച ചെയ്തു പ്രശ്നങ്ങൾ പരിഹരിച്ചു അവരെ സഭയുടെ മുഖ്യധാരയിലേക്കു കൊണ്ടുവരണം. പിന്നോക്ക വിഭാഗങ്ങളുടെ ഉന്നതിക്ക് വേണ്ടിയുളള പോരാട്ടങ്ങൾക്ക് ദീർഘകാലം നേതൃത്വം കൊടുത്ത ഒരു വ്യക്തിയാണു ഞാൻ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഒരു ക്രിയാത്മക സമീപനം ബിഷപ്പിന്റെ ഭാഗത്തു നിന്നുണ്ടാകണം."

റവ. എ. സി. ഉമ്മൻ: "അങ്ങ് ഈ സ്ഥാനത്ത് എത്തിയത് ദൈവനടത്തിപ്പിന്റെ ഭാഗമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥന വാഗ്ദാനം ചെയ്യുകയാണ്. ഇവിടെ കഴിഞ്ഞകാലങ്ങളിലുണ്ടായ പ്രശ്നങ്ങളിൽ ബിഷപ്പും യുവജന പ്രസ്ഥാനവും കുറ്റക്കാരാണെന്ന അഭിപ്രായമാണെനിക്കുള്ളത്. ബിഷപ്പിന് ഒരു പാസ്റ്ററൽ കരുതൽ ഇല്ലാതെപോയി. യുവജനങ്ങളെ സ്നേഹിക്കുവാനും, സഭയോടു കൂറുള്ളവരാക്കിത്തീർക്കുവാനും ബിഷപ്പിന് സാധിക്കണമായിരുന്നു. യുവജന പ്രസ്ഥാനം പ്രവാചകദൗത്യത്തിന്റെ ഭാഗമായി നടത്തിയ രാഷ്ട്രീയ ഏകീകരണം എനിക്ക് അംഗീകരിക്കുവാൻ പ്രയാസമാണു. പാസ്റ്ററൽ മിനിസ്റ്ററിക്ക് പുതുജീവൻ നൽകണം. ഡയോസിസൻ കൗൺസിൽ ഒരാത്മീക ശക്തി കേന്ദ്രമായി മാറേണ്ടിയിരിക്കുന്നു. പാവപ്പെട്ട ഇടവകകൾ തകരുകയാണ്. സ്വാർത്ഥത വെടിഞ്ഞ് ത്യാഗത്തിന് ബിഷപ്പ് തയ്യാറാകണം."

ഡോ. കെ. എം. ജോർജ്:

"യുവജന പ്രസ്ഥാനത്തിലുണ്ടായിട്ടുള്ള പ്രശ്നങ്ങളിൽ ഏറ്റവും കൂടുതൽ ദുഖിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. എല്ലാവരും ഒത്തൊരുമിച്ചിരുന്നു പ്രാർത്ഥി

ച്ചാൽ പ്രശ്നങ്ങൾ തീരും. അതിനു ഒരാത്മീക നേതൃത്വം വേണം. ഈ കാര്യങ്ങളെല്ലാം കാണിച്ചു ഞാൻ ബിഷപ്പ് മാണിക്ക് നേരത്തെ എഴുത്തയച്ചിരുന്നു. പക്ഷേ ഫലമുണ്ടായില്ല."

ശ്രീ. കെ. ജെ. ജയിക്കബ്: "കുറച്ചു കാലം മഹായിടവക ഓഫീസിൽ പ്രവർത്തിക്കുവാൻ അവസരം ലഭിച്ചു. സഭാ ഓഫീസ് ശുദ്ധീകരിക്കേണ്ടതാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. സൺഡേ സ്കൂൾ പ്രസ്ഥാനം ശക്തമാക്കണം - ഭാവി തലമുറയെ രൂപപ്പെടുത്തേണ്ട ഒരു പ്രസ്ഥാനമാണിത്."

പ്രൊഫ. മാമ്മൻ വർക്കി: "ബിഷപ്പിൽ വളരെയേറെ പ്രതീക്ഷകളർപ്പിക്കേണ്ട ഒരവസരമാണിത് മഹായിടവകയിലെ പ്രശ്നങ്ങളോട് ഒരു പുതിയ സമീപനരീതി ബിഷപ്പിൽ നിന്നും ഉണ്ടാകണമെന്ന് ആഗ്രഹി ക്കുന്നു. കഴിഞ്ഞ 12 വർഷം കൊണ്ടു മഹായിടവക അധഃപതിച്ചു. ഈ ജീർണ്ണത എല്ലാ മേഖലകളിലും കാണാം. അതുകൊണ്ട് തന്നെ പുതിയ ബിഷപ്പിന്റെ പ്രവർത്തനങ്ങൾ അത്ര എളുപ്പമല്ല. ഇവിടെ ആർക്കും അഗാധമായ അനുരഞ്ജനം വേണമെന്ന് ആഗ്രഹമില്ല. ആരോഗ്യമുള്ള ശരീരത്തിൽ എല്ലാ അവയവങ്ങൾക്കും ഒരു ഗുണകരമായ പക്കുണ്ടു. എല്ലാ അവയവങ്ങളും ശരിയായ രീതിയിൽ പ്രവർത്തിക്കുമ്പോളാണ് ആരോഗ്യമുള്ള ശരീരമാകുന്നത്. ഇത് സഭ യുടെയും പ്രപഞ്ചത്തിന്റെയും കാര്യത്തിൽ ശരിയാണ്... ഇവിടെ ആത്മീകത, ലൗകീയത എന്നൊക്കെ വേർതിരിച്ചു കാണുവാനുള്ള ഒരു ശ്രമമുണ്ടു. ഈ പ്രപഞ്ചത്തെ രൂപാന്തര പ്പെടുത്തുന്ന ദൈവത്തിന്റെ പ്രക്രിയയിലുള്ള ആത്മീകതയെ കാണുവാൻ സാധിക്കണം. സമൂഹത്തെ രൂപാന്തരപ്പെടുത്തുന്ന പ്രക്രിയയാണ് രാഷ്ട്രീയം - വിശ്വാസത്തിന്റെ ഭാഗമായി രാഷ്ട്രീയ പ്രവർത്തനത്തിൽ ഏർപ്പെടുന്നത് ആത്മീകതയാണ്. വിമർശനം സഭയെ സ്നേഹിക്കുന്നതുകൊണ്ടാണ്. ഇതിലൊരു ആത്മീകത ഉണ്ടു്. കഴിഞ്ഞ കാലയളവിൽ യുവജന പ്രസ്ഥാനവുമായി നടന്ന ചർച്ചകളും ധാരണകളുമെല്ലാം ബിഷപ്പു തന്നെ അട്ടിമറിക്കുകയായിരുന്നു. ചർച്ചകൾക്കു നേതൃത്വം കൊടുത്തത് അഡ്വ. കെ. ഐ. നൈനാൻ ആയിരുന്നു. ഇനിയും ഒരു അനുരഞ്ജനം ഉണ്ടാകണമെങ്കിൽ അനുതാപം എല്ലാവരിലും ആവശ്യമാണ്. അതുകൊണ്ടു പ്രശ്നങ്ങളോടു ഒരു ക്രിയാത്മക സമീപനം ഉണ്ടായിരിക്കണം. മഹായിടവകയുടെ വികസനത്തെപ്പറ്റി ബിഷപ്പിന് വ്യക്തമായ ഒരു ധാരണയുണ്ടാകണം. ആശുപത്രി ലാഭകരമാണോ? ഇതല്ലേ നമ്മുടെ ദർശനം. ഛരിദ്രവാസനകളെ അതിജീവിക്കുവാൻദർശനം ആവശ്യമാണ്. നമ്മുടെ ദൗത്യം കെട്ടിടം പണിയാക്കി മാറ്റി. സഭയെ കാര്യ സാദ്ധ്യത്തിന്റെ മാർഗ്ഗമായി കരുതുവാൻ അനുവദിച്ചുകൂടാ. ഭൗതികാഭിവൃദ്ധിക്കുള്ള ഒരു മാർഗ്ഗമായാണ് നാം ആത്മീകതയെക്കാണുന്നത്. ആത്മ ത്യാഗത്തിന്റെ കൂട്ടായ്മയായി ഇതു മാറണം. അധികാരം ഉപയോഗിക്കുന്നവർ സാമൂഹ്യ പരിശോധനക്കും (Social auditing) സാമൂഹ്യ ഉത്തിരവാദിത്വം (Social responsibility) ഏറ്റെടുക്കുന്നതിനും തയ്യാറാകണം. ചുരുക്കത്തിൽ മൗലീകമായ ഒരു മാറ്റത്തിനു തയ്യാറാകുന്നതിൽ കൂടിയെ സഭക്കും അർത്ഥവത്തായി പ്രവർത്തിക്കാനാവൂ."

തുടർന്ന് ബിഷപ്പ് സാം മാത്യു അംഗങ്ങളുടെ പ്രതികരണങ്ങൾക്കു മറുപടി പറഞ്ഞു. "ഇതെന്റെ സ്നേഹിതൻമാരുടെ ഒരു കൂട്ടായ്മയാണു. ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോടു എനിക്ക് യാതൊരു വിയോജിപ്പുംമില്ല. ദൈവഹിതപ്രകാരമാണ് ഈ സ്ഥാനത്ത് വന്നിരിക്കുന്നതെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. സഭയാണ് പ്രധാനം. സ്വാർത്ഥ ലാഭ ചിന്ത പലരിലും ഉണ്ടാകാം. അതു മാറ്റി സഭക്ക് എന്തു നൽകാം എന്നാണു ചിന്തിക്കേണ്ടതു. സ്ഥാനാരോഹണ സമയത്ത് ഉണ്ടായ കോടതി സ്റ്റേ പ്രാർത്ഥിക്കുന്നതിനും മുട്ടിൻമേൽ നിൽക്കുന്നതിനും എനിക്കു കൂടുതൽ അവസരമുണ്ടാക്കി. ഞാൻ സ്നേഹിക്കുന്ന മുൻ മോഡറേറ്റർ ബിഷപ്പ് യേശുദാസൻ സ്ഥാനാരോഹണ സമയത്ത് എനിക്ക് ഒരു കത്തെഴുതി. അതിൽ മൂന്നു കാര്യങ്ങളാണ് പറഞ്ഞിരുന്നത്. ദൈവത്തെ ശ്രദ്ധിക്കുക, ജനങ്ങളെ ശ്രദ്ധിക്കുക, കുതന്ത്രങ്ങളിൽ (Manipulation) നിന്നും ഒഴിഞ്ഞു നിൽക്കുക. ഇതൊരു വിലപ്പെട്ട ഉപദേശമായി ഞാൻ കരുതുന്നു. ജനങ്ങളുടെ ശബ്ദം, കഴിഞ്ഞ കാലങ്ങളിൽ വേണ്ട രീതിയിൽ ശ്രദ്ധിക്കുവാൻ സാധിക്കാതെ പോയി. ഒരു "കമ്മൂണിക്കേഷൻ ഗ്യാപ്പ്" ഉണ്ടായി. ഇവിടെ നെഹമ്യാവിന്റെ പുസ്തകത്തിലെ മൂന്ന് കാര്യങ്ങൾ എടുത്തു പറയട്ടെ. നെഹമ്യാവു സംഭവങ്ങൾ കേട്ടയുടനെ ഇറങ്ങി പുറപ്പെട്ടില്ല. യെരുശലേമിലേക്ക് ചെന്ന സംഭവം വ്യക്തമായി പഠിച്ചതിന് ശേഷമാണ് പ്രവർത്തനം ആരംഭിച്ചത്. നമ്മുടെ മഹായിടവകയിലും പ്രശ്നങ്ങളുണ്ടു. പഴയ കാലത്തുണ്ടായ പ്രശ്നങ്ങളിൽ ഞാനും കൂടി ഉത്തരവാദിയാണ്. പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം. പണിയാനുള്ള സാമഗ്രികൾക്കായി നെഹമ്യാവ് എങ്ങും പോയില്ല. എല്ലാം അവിടെ തന്നെയുണ്ടായിരുന്നു. പുതുക്കി പണിയലിൽ നെഹമ്യാവ് എല്ലാവരെയും ഉപയോഗിച്ചു. സഭയെ പുതുക്കി പണിയുന്ന പ്രക്രിയയിൽ എല്ലാവരുടെയും സഹായം ഞാനഭ്യർത്ഥിക്കുന്നു." കൂടി വന്നിരിക്കുന്നവർക്കും അഭിനവ ബിഷപ്പ് സാം മാത്യുവിനും പ്രൊഫ. മാത്യു കോശി കൃതജ്ഞതയർപ്പിച്ചു.

- NVC.

നിങ്ങളുടെ കവിതകൾ ലേഖനങ്ങൾ, അഭിപ്രായങ്ങൾ തുടങ്ങിയവ അയച്ചു തരിക. ന്യൂ വിഷനിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. 200 വാക്കുകളിൽ കൂടാതിരിക്കുവാൻ ശ്രദ്ധിക്കുക.

ഈ പ്രസിദ്ധീകരണം നിലനിൽക്കുവാൻ നിങ്ങളുടെ അഭിപ്രായങ്ങളും സാമ്പത്തികസഹായങ്ങളും അത്യാവശ്യമാണ്. വരിസംഖ്യ എത്രഎന്നു ചോദിച്ചുകൊണ്ട് അനേകം കത്തുകൾ ലഭിക്കുന്നുണ്ടു. കഴിഞ്ഞ നാലു ലക്കങ്ങളും പുറത്തിറക്കിയതു വായനക്കാർ അയച്ചു തന്ന സംഭാവനകൾ കൊണ്ടു മാത്രമാണ്. ന്യൂ വിഷൻ വായിക്കുവാൻ താൽപര്യപെടുന്ന എല്ലാവർക്കും അയച്ചുകൊടുക്കുക എന്നതാണു ഞങ്ങളുടെ നയം. വായിക്കുവാൻ താൽപര്യപെടുന്ന വ്യക്തി ഈ പ്രസ്ഥാനത്തെ സാമ്പത്തികമായി സഹായിക്കും എന്നതാണ് ഞങ്ങളുടെ വിശ്വാസം. സംഭാവന എത്ര ചെറുതായാലും, ഈ ഒരു പ്രസ്ഥാനത്തിൻെറ വളർച്ചയ്ക്ക് നിങ്ങളുടെ പങ്കാളിത്തമാണ് ഞങ്ങൾ വിലമതിക്കുന്നത്. നിങ്ങളുടെ സംഭാവനകൾ ദയവായി അയച്ചു തരിക. ഒപ്പം നിങ്ങളുടെ പ്രതികരണവും.

ന്യൂ വിഷൻ തുടർന്ന് ലഭിക്കുവാൻ താൽപര്യപെടുന്നില്ല എങ്കിൽ അതും ഞങ്ങളെ അറിയിക്കുക.

- പത്രാധിപർ

## ന്യൂ വിഷൻ

സുഹൃത്തേ,

ഇതു 5-ാമത്തെ ലക്കമാണു. ഈ ലക്കം നിങ്ങൾക്കു ഇഷ്ടപെടും എന്നാണ് ഞങ്ങളുടെ വിശ്വാസം. പ്രസക്തമായ പല കാര്യങ്ങളും ഇതിൽ ഉൾപെടുത്തിയിട്ടുണ്ടു. ന്യൂ വിഷൻെറ മുമ്പോട്ടുള്ള പോക്കിന് വേണ്ടതായ സംവിധാനങ്ങൾ രൂപപെട്ടു വരുന്നതേയുള്ളു. എഡിറ്റിംങ്ങ്, ലേ ഔട്ട് തുടങ്ങിയവ ഓരോ പ്രവിശ്യവും മെച്ചപെടുത്തി വരികയാണു. ഒരു മികച്ച പ്രസിദ്ധീകരണമായിത്തീരുവാനുള്ള താൽപര്യം ഇതിൻെറ പിമ്പിൽ ഉണ്ട് അതിന് നിങ്ങളുടെ നിർദ്ദേശങ്ങൾ അനിവാര്യമാണ്. അതുകൊണ്ടു തന്നെയാണു ഓരോ ലക്കത്തോടും ചേർന്നു പ്രതികരണത്തിനുള്ള ഫോറം ചേർക്കുന്നതും. ദയവായി ഈ ഫോറം പൂരിപ്പിച്ചു ഞങ്ങൾക്കു അയച്ചു തരിക.

മാനേജർ, ന്യൂ വിഷൻ,
മാങ്ങാനം, കോട്ടയം.-18.

- പത്രാധിപർ.

പേരും ..................................................

മേൽ വിലാസവും ....................................

..........................................................

..........................................................

ഈ ലക്കത്തെകുറിച്ചുള്ള നിങ്ങളുടെ പ്രതികരണം:

..........................................................

..........................................................

..........................................................

..........................................................

..........................................................





മോഡറേറ്റർ മോസ്റ്റ് റവ. വസന്ത് പി. ധാൻഡിന് അമേരിക്കൻ സഭകൾ നൽകിയ സ്വീകരണത്തിൽ നിന്നും

*With Best Compliments*

*From*

# CARDIOVASCULAR CLINIC OF TEXAS


Tests Done:

EKG
Stress Test
Holter Monitor
2-D Echocardiograms
Pacemaker Implantation
Cardiac Catheterization
Laser & Balloon Angioplasty

Director
**M.C. JACOB M.A. (Cambridge); M.D; F.A.C.C.**
Clinical Asst. Professor
Baylor College of Medicine

7505 Fannin # 215
Houston, Texas 77054

Phone: (713) 797-1745
(713) 222-6488




# നവദർശനം

SEPT-OCT-93

Edited by Prof. Mathew Koshy Punnackadu and Published by Rev. Prof. K.C. Mathew for New Vision - Manganam, Kottayam-18.